27
2024
ഡിസംബർ
വെള്ളി
ധനു 12

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള


e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.38 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-38 | പേജ് 4. വില 2.00 രൂപ




02 മലയാളം ലോകസാഹിത്യത്തിനു നൽകിയ അപൂർവ്വ പ്രതിഭകളിൽ ഒരാളാണ് എം ടി.
03 ക്രിസ്മസ് ആഘോഷം; വിറ്റത് 152.06 കോടിരൂപയുടെ മദ്യം
04 തൊട്ടതെല്ലാം പൊന്നാക്കിയ എം.ടി

# മലയാളത്തിന്റെ എഴുത്തച്ഛൻ ഇനി ഓർമ്മകളിൽ



എം.ടി എന്ന മഹാൻ മലയാളികളുടെ ഓർമകളിൽ ജീവിക്കും. ഇന്ന് അഞ്ച് മണിയോടെ കോഴിക്കോട് മാവൂർ റോഡ് ശ്മശാനത്തിൽ എംടിയെ സംസ്കരിക്കും. മഹാനായ എഴുത്തുകാരന്റെ എഴുത്തും ജീവിതവും ഇന്ത്യൻ സാഹിത്യലോകത്തെ തന്നെ വിഖ്യാത നോവലായി മാറും.

ആരോഗ്യം മോശമായി ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കഴിയുമ്പോഴും എംടി തിരിച്ചെത്തുമെന്ന പ്രതീക്ഷയിൽ കേരളം കാത്തിരുന്നു. ആധുനികതയുടെ തൂലികയിൽ, ഒറ്റപ്പെട്ടവന്റെ വേദനയും മനുഷ്യമനസിന്റെ ആകുലതകളും എംടിയുടെ ഭാവനയും ഭാവുകത്വവുമായി. ലോകസാഹിത്യത്തെ ആഴത്തിൽ അറിഞ്ഞപ്പോഴും തന്റെ ചുറ്റുപാടുകളെ കുറിച്ച് മാത്രം എംടി നിർത്താതെ പറഞ്ഞുകൊണ്ടേ ഇരുന്നു. ഗ്രാമവും നാടും നിളയും ക്ഷേത്രവും ഉത്സവങ്ങളുമെല്ലാം. 2005ൽ രാജ്യം എം.ടിയെ പത്മഭൂഷൺ നൽകി ആദരിച്ചു. സാഹിത്യരംഗത്ത് ഭാരതത്തിൽ നൽകപ്പെടുന്ന ഏറ്റവും ഉയർന്ന പുരസ്കാരമായ ജ്ഞാനപീഠം 1995-ൽ ലഭിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (കാലം), കേരള സാഹിത്യ അക്കാദമി അവാർഡ് (നാലുകെട്ട്), വയലാർ അവാർഡ് (രണ്ടാമൂഴം), മാതൃഭൂമി പുരസ്കാരം, ഓടക്കുഴൽ അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, പത്മരാജൻ പുരസ്കാരം എന്നിങ്ങനെ എണ്ണപ്പെട്ട ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചു. മലയാളസാഹിത്യത്തിന് നൽകിയ അമൂല്യസംഭാവനകൾ കണക്കിലെടുത്ത് കോഴിക്കോട് സർവകലാശാലയും മഹാത്മ ഗാന്ധി സർവകലാശാലയും ഡി.ലിറ്റ്. നൽകി ആദരിച്ചു. എം.ടി. ആദ്യമായി സംവിധാനം ചെയ്ത ചിത്രമായ 'നിർമ്മാല്യം' 1973-ലെ ഏറ്റവും നല്ല ചലച്ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടി. ഇതിനുപുറമേ മുപ്പതിലേറെ ദേശീയ, സംസ്ഥാന അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

ഫ്യൂഡൽ സാമൂഹികവ്യവസ്ഥയുടെ ശൈഥില്യത്തോടെ തകർച്ചയിലേക്കു നീങ്ങിയ മരുമക്കത്തായ വ്യവസ്ഥയും നായർ തറവാടുകളും അവിടത്തെ നിസ്സഹായരായ മനുഷ്യരുമാണ് എം.ടിയുടെ ആദ്യകാല രചനകളുടെ പശ്ചാത്തലം. എക്കാലത്തെയും മനുഷ്യന്റെ ഒറ്റപ്പെടലും പ്രതിഷേധവും അന്തഃക്ഷോഭങ്ങളും വികാരങ്ങളുമെല്ലാമായി ആ ഭാഷാതീക്ഷ്ണത പിന്നീട് മലയാളത്തിൽ ആളിപ്പടർന്നു. 'കാലം', 'അസുരവിത്ത്, 'വിലാപയാത്ര', 'മഞ്ഞ്', എൻ.പി. മുഹമ്മദുമായി ചേർന്നെഴുതിയ 'അറബിപ്പൊന്ന്, 'രണ്ടാമൂഴം', 'വാരാണസി' തുടങ്ങിയ നോവലുകൾ. കൂടാതെ ഒട്ടനവധി ചെറുകഥകളും നോവലെറ്റുകളും. എം.ടിയുടെ കരസ്പർശമേറ്റതെല്ലാം മലയാളികൾ ഹൃദയത്തിൽ ഏറ്റുവാങ്ങി. 1984-ലാണ് 'രണ്ടാമൂഴം' പുറത്തുവരുന്നത്. ഭീമനെ കേന്ദ്ര കഥാപാത്രമാക്കി, മഹാഭാരതത്തെ ഭീമന്റെ വീക്ഷണത്തിൽ കാണുന്ന 'രണ്ടാമൂഴം' എം.ടിയുടെ മാസ്റ്റർ പീസായി വിലയിരുത്തപ്പെടുന്നു.

സാഹിത്യജീവിതത്തിന്റെ സ്വാഭാവിക പരിണാമമായിരുന്നു എം.ടിക്ക് സിനിമയും. സ്വന്തം കൃതിയായ 'മുറപ്പെണ്ണി'ന് തിരക്കഥയെഴുതിയാണ് ചലച്ചിത്രലോകത്ത് പ്രവേശിക്കുന്നത്. തുടർന്ന് തിരക്കഥാകൃത്ത്, സംവിധായകൻ എന്നിങ്ങനെ മലയാള ചലച്ചിത്ര ചരിത്രത്തിലെ നാഴികക്കല്ലുകളായി മാറിയ അൻപതിലേറെ ചലച്ചിത്രങ്ങളുടെ പിന്നണിയിൽ അദ്ദേഹമുണ്ടായിരുന്നു. നിർമ്മാല്യം(1973), ബന്ധനം(1978), മഞ്ഞ്(1982), വാരിക്കുഴി(1982), കടവ് (1991), ഒരു ചെറുപുഞ്ചിരി(2000) എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്തു. ചെറുകഥകൾ പോലെതന്നെ ചെത്തിയൊതുക്കിയ, സമഗ്രതയാർന്ന തിരക്കഥകളായിരുന്നു എം.ടിയുടേത്. സംവിധായകനെന്ന നിലയിലും തിരക്കഥാകൃത്തെന്ന നിലയിലും പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ച് മലയാള സിനിമയെ നവീകരിച്ചു. എം.ടി. രൂപപ്പെടുത്തിയ കഥാപാത്രങ്ങൾ മലയാളത്തിലെ മഹാരഥന്മാരായ നടന്മാരുടെ പ്രതിഭയ്ക്ക് ഉരകല്ലായി.

മുഖ്യമന്ത്രി പിണറായി വിജയൻ, മലയാളത്തിന്റെ മഹാനടൻ മോഹൻലാൽ തുടങ്ങി രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിലെ നായകർ കോഴിക്കോട് കൊട്ടാരം റോഡിലെ വീട്ടിലെത്തി ആദരാഞ്ജലി അർപ്പിച്ചു. എംടിയുടെ അഭിലാഷപ്രകാരം പൊതുദർശനം ഒഴിവാക്കിയിരുന്നു. വ്യാഴം വൈകിട്ട് അഞ്ചിന് മാവൂർ റോഡ് ശ്മാശനത്തിൽ ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം. 'ഹൃദയാഭിലാഷമായ ഒമ്പത് കഥകളുടെ സിനിമാസമാഹാരത്തിന്റെ ട്രയിലർ 'മനോരഥങ്ങൾ' പുറത്തിറങ്ങുന്ന ചടങ്ങിൽ കൊച്ചിയിലാണ് ഒടുവിൽ പങ്കെടുത്തത്.

## ● 'സിതാര'യിലേക്ക് ഒഴുകിയെത്തി സാംസ്കാരിക കേരളം;
## ● സംസ്കാരം അഞ്ചിന്, രണ്ടുദിവസം ദുഃഖാചരണം

കോഴിക്കോട്: മലയാളത്തിന്റെ അക്ഷരസുകൃതം എം. ടി. വാസുദേവൻ നായർക്ക് അന്ത്യാദരമേകി കേരളം. ഉറ്റ ബന്ധുക്കളും സുഹൃത്തുക്കളും സാമൂഹിക സാംസ്കാരിക ചലച്ചിത്ര പ്രവർത്തകരുമടക്കം ആയിരങ്ങളാണ് എഴുത്തിന്റെ പെരുന്തച്ചനെ അവസാനമായി ഒരുനോക്ക് കാണാൻ കോഴിക്കോട് കൊട്ടാരം റോഡിലെ സ്വന്തം വീടായ 'സിത്താര'യിലേക്ക് ഒഴുകിയെത്തുന്നത്.

നടന്മാരായ മോഹൻലാൽ, വിനീത്, എം. ടിയുടെ പ്രിയ സംവിധായകൻ ഹരിഹരൻ, മുഖ്യമന്ത്രി പിണറായി വിജയൻ, സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ, മന്ത്രിമാരായ പി. എ. മുഹമ്മദ് റിയാസ്, സജി ചെറിയാൻ, അബ്ദുസമദ് സമദാനി എംപി, സാഹിത്യകാരൻ കൽപ്പറ്റ നാരായണൻ തുടങ്ങിയവർ രാവിലെ തന്നെ നേരിട്ടെത്തി അന്ത്യോപചാരം അർപ്പിച്ചു.

കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ച എം. ടിയുടെ വിയോഗ വാർത്തയറിഞ്ഞ് നിരവധി പേർ ആശുപത്രി പരിസരത്തും എത്തിയിരുന്നു. വൈകുന്നേരം നാലുവരെയാണ് അന്തിമോപചാരം അർപ്പിക്കാനുള്ള സമയം. എം. ടിയുടെ ആഗ്രഹപ്രകാരം പൊതുദർശനം ഒഴിവാക്കിയിട്ടുണ്ട്. സംസ്കാരം അഞ്ചിന് ഔദ്യോഗിക ബഹുമതികളോടെ മാവൂർ റോഡ് ശ്മശാനത്തിൽ നടക്കും.

എം. ടിയോടുള്ള ആദരസൂചകമായി രണ്ടുദിവസത്തേക്ക് സംസ്ഥാന സർക്കാർ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. മന്ത്രിസഭായോഗം ഉൾപ്പെടെയുള്ള എല്ലാ സർക്കാർ പരിപാടികളും മാറ്റിവച്ചു. കെപിസിസിയും രണ്ടുദിവസത്തെ ദുഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

## എംടിയുടെ ചിരിക്കുന്ന മുഖവും: ക്യാമറയുമായി പിറന്ന ഫോട്ടോഗ്രാഫറും

യേശുദാസ് വില്യം

മലയാളത്തിന്റെ മഹാ കഥാകാരനെ കണ്ടത് 'സദയം എന്ന ചിത്ര'ത്തിന്റെ ചിത്രീകരണസമയത്തു കണ്ണൂർ സെൻട്രൽ ജയിലിൽ വെച്ചായിരുന്നു.മോഹൻലാൽ നായകനായി അഭിനയിച്ചു സിബിമലയിൽ സംവിധാനം ചെയ്ത സദയത്തിന്റെ തിരക്കഥ എംടിയുടേതായിരുന്നു.വെള്ളിനക്ഷത്രം സിനിമ വാരികയ്ക്കുവേണ്ടിയായിരുന്നു ഞങ്ങളുടെ യാത്ര.വിഖ്യാതമായ കണ്ണൂർ സെൻട്രൽ ജയിലിലായിരുന്നു ഞങ്ങളുള്ള ദിവസങ്ങളിൽ ചിത്രീകരണം. സിനിമാ ചിത്രീകരണവുമായി ബന്ധപ്പെട്ടു കേരളത്തിലെ പല ജയിലിനുള്ളിലും പോകുവാൻ അവസരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കലും മറക്കാത്ത ഓർമ്മകൾതന്ന യാത്രയായിരുന്നു അത് .കണ്ണൂർ ജയിലിലെ ചിത്രീകരണവുമായി ബന്ധപ്പെട്ടു മനസ്സിൽ അമർന്നു കിടപ്പുണ്ട്.അന്നാണ് എംടി യെ അടുത്തു കാണുന്നത്. ചിത്രങ്ങൾ പകർത്തുവാൻ എന്റെ കൂടെ വന്നത് പിൽക്കാലത്തു പേരെടുത്ത ഫോട്ടോഗ്രാഫറായി മാറിയ അനിൽ ദിവാകർ ആയിരുന്നു.

വധശിക്ഷക്കു വിധിക്കപ്പെട്ടു തുക്കിലേറ്റുവാൻ ദിവസങ്ങൾ മാത്രമുള്ള ഏകാന്ത തടവുകാരെ പാർപ്പിക്കുന്ന ഐസലേറ്റഡ് സെല്ലുകളിലായിരുന്നു ചിത്രീകരണം.എല്ലാം പുതിയ അനുഭവങ്ങളും കാഴ്ചകളുമായിരുന്നു.കേരളത്തിൽ അവസാനമായി വധശിക്ഷ നടപ്പിലാക്കിയ ജയിലും തൂക്കുമേടയും അതിന്റെ നടപടിക്രമങ്ങളും എല്ലാം സിനിമക്കുവേണ്ടി വീണ്ടും ആവിഷ്കരിക്കപ്പെട്ടപ്പോൾ ആ ദിവസങ്ങൾ മറക്കാത്തതായി. തിലകനും മോഹൻലാലും ചിത്രീകരണത്തിനുണ്ട്.ഈ ദിവസങ്ങളിൽ തിരക്കഥാകൃത്തായ എംടി യും ലൊക്കേഷനിലുണ്ട്.മൂന്നോ നാലോ മുറികളുള്ള ഏകാന്ത തടവുകരെ പാർപ്പിക്കുന്ന സെല്ലും പരിസരവും മരങ്ങളുടെ തണലും വല്ലത്ത നിശബ്ദതയും മരണത്തിന്റെ തണുപ്പും നിറഞ്ഞു നിന്നിരുന്നു. അന്നു കേരളത്തിൽ അവസാനമായി വധശിക്ഷക്കു വിധേയനായ ആൾ താമസിച്ചിരുന്ന മുറി സെല്ലുകളിലെ നടുവിലുള്ളതായിരുന്നു.അതിലെ സിമന്റിലുള്ള കട്ടിലിലായിരുന്നു വധശിക്ഷയുടെ തലേന്നു കിടന്നത്.ഇതൊക്കെ കേട്ടും കണ്ടും പുറത്തിറങ്ങിയപ്പോൾ പുറത്തെ മരത്തണലിൽ നല്ലൊരു ചാരു കസേരയിൽ സാക്ഷാൽ എം.ടി വാസുദേവൻ നായർ ഇരിക്കുന്നു.നിശബ്ദത ഘനീഭവിച്ചു നിൽക്കുന്ന അന്തരീക്ഷത്തിനു ഒന്നുകൂടെ ആക്കം കൂട്ടുന്നതായിരുന്നു എംടിയുടെ ഇരുപ്പ്.ചുണ്ടിൽ ബീഡിയുണ്ട്.ഞങ്ങൾ നോക്കി നിന്നു.തിലകനുമായി അടുപ്പമുള്ളതു കൊണ്ടു അദ്ദേഹത്തോടു ചോദിച്ചു: എംടിയുടെ ഫോട്ടോകൾ എടുക്കണം.ആളെ പരിചയമില്ല ഒരു മയവുമില്ലാത്ത ഇരിപ്പാണല്ലോ എങ്ങിനെയാ സിറ്റേഷൻ ഒന്നയക്കുവാൻ എന്താണു വഴി. ഏയ് കുഴപ്പമൊന്നുമില്ല നല്ലതു പോലെ സംസാരിക്കും തമാശയൊക്കെ പറയും ചോദിച്ചാൽ മതി.തിലകൻ പറഞ്ഞു.മോഹൻലാലും എംടിയും ചേർന്നുള്ള ചിത്രമാണങ്കിൽ കൊള്ളാം.ഒത്തുവന്നാൽ അതെടുക്കണമെന്ന ചിന്തയിൽ കാത്തു നിന്നു.

ഫോട്ടോഗ്രാഫർ അനിൽ ദിവാകറാണ്.എംടിയുടെ പ്രാധാന്യത്തെക്കുറിച്ചൊന്നും വലിയ ഗ്രാഹ്യമില്ല പയ്യനാണ്.പക്ഷേ അവന്റെ മുഖചിത്രങ്ങൾ അതിനോടകം തന്നെ വെള്ളി നക്ഷത്രത്തിലൂടെ ഹിറ്റായി കഴിഞ്ഞിരുന്നു.മമ്മൂട്ടിയുടെ മുഖ ചിത്രങ്ങളാണ് അനിലിനെ ആ സമയത്ത് പോപ്പുലറാക്കിയത്.മോഹൻലാലിന്റെ ചിത്രങ്ങളും മമ്മൂട്ടിയുടെ ചിത്രങ്ങളും മാറി മാറി മുഖചിത്രങ്ങളായി വരുന്ന സമയം.സംവിധായകൻ സിബിമലയിലുമായും തിലകനുമായും,ജയിലധികാരികളുമായുംഞങ്ങൾ ഇടപഴകുന്നതൊക്കെ എംടി കാണുന്നുണ്ടാവണം. എന്തായാലും എംടിയുടെ ചിത്രങ്ങളെടുക്കുവാൻ അനിൽ ദിവാകർ മുന്നോട്ടു ചെന്നു.ഗൗരവം വിടാതെ എംടി അതേ ഇരുപ്പു തന്നെ ബീഡി ചുണ്ടിന്റെ വശത്തേക്കു വച്ചുള്ള രീതിയും.അതു മുഖത്തെ ഗൗരവം കൂട്ടി. അനിൽ ദിവാകർ ആ പോസിൽ തന്നെ എംടിയെ ഫ്രെയിം ചെയ്തു.പക്ഷേ ക്ലിക്കു ചെയ്യുന്നില്ല. മീശമുളക്കാത്ത പയ്യനാണ് അന്ന് അനിൽ.ഒന്നു രണ്ടു തവണ ക്ലിക്കു ചെയ്തു. വീണ്ടും ക്യാമറ ഫോക്കസ് ചെയ്തു.'സ്മൈൽ പ്ലീസ്' തിലകുനൾപ്പടെ എല്ലാവരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അനിലിന്റെ ആവിശ്യം കേട്ടു ചുണ്ടിൽ നിന്നും ബീഡി എടുത്തിട്ട് ചെറുതായി ഒന്നു ചിരിച്ചു. ചെറുക്കൻ പറ പറ ക്ലിക്കു ചെയ്തു.എംടിയുടെ ചിരിക്കുന്ന മുഖം പകർത്തിയ സന്തോഷം അന്തരീക്ഷത്തെ അയച്ചു.എംടിയുടെ ഘന ഗംഭീരമായ ഗൗരവം വിദേശത്തും സ്വദേശത്തുമൊക്കയുള്ള സാഹിത്യ കൂട്ടായ്മകളിൽ വലിയ സായ്പൻമാരെവരെ അമ്പരപ്പിച്ചിട്ടുണ്ടന്നു കൗലാകൗമുദി സദസ്സുകളിൽ നിന്നും കേട്ടിട്ടുണ്ട്.

പക്ഷേ എംടി ചിരിച്ചതിന്റെ രഹസ്യം പിന്നീടാണറിഞ്ഞത്.വെള്ളിനക്ഷത്രത്തെ പ്രതിനിധീകരിച്ചു പോകുന്നുവെങ്കിലും ഞങ്ങളുടെ മാതൃസ്ഥാപനം കലാകൗമുദിയാണ്,രണ്ടും എം എസ് മണിസാറിന്റെ പത്രാധിപത്യത്തിലുള്ളത്.കലാകൗമുദിയുടെ എഡിറ്റർ എസ്.ജയചന്ദ്രൻ നായർ സാറുമായി എംടിക്കു നല്ല സൗഹൃദമാണ്.ഞങ്ങളുടെ യാത്രവിവരം എംടിക്ക് നേരത്തെ അറിവുണ്ടായിരുന്നു.ഫോട്ടോയും ചിരിയുടെ രഹസ്യവുമൊക്കെ അടുത്തലക്കം എംടിയുടെ ചിരിക്കുന്ന മുഖവുമായി കലാകൗമൂദി പുറത്തിറങ്ങിയപ്പോഴാണ് മനസ്സിലായത്. മുഖചിത്രം അനിൽ ദിവാകർ എന്ന പേരും അച്ചടിച്ചുവന്നു.തീർന്നില്ല,കലാകൗമുദിയിലെ പ്രശസ്തമായ സാഹിത്യവാരഫലത്തിൽ എം കൃഷ്ണൻനായർ സാർ അനിൽ ദിവാകറിനെക്കുറിച്ചു എഴുതി. 'കൈയ്യിൽ ക്യാമറയുമായി ജനിച്ച ഫോട്ടോഗ്രാഫർ'. മമ്മൂട്ടിയുടെയും മോഹൻലാലിന്റെയും നിരവധി മുഖചിത്രങ്ങളെടുത്ത അനിൽ ദിവാകറിന്റെ കരിയറിലെ ഏറ്റവും വലിയ അംഗികാരമായി എംടിയുടെ ചിരിക്കുന്ന മുഖവും, എം.കൃഷ്ണൻനായർ സാറിന്റെ പരാമർശവും. ഇപ്പോൾ ഫോട്ടോഗ്രാഫിയിൽ നിന്നും പിൻതിരിഞ്ഞു തിരുവനന്തപുരത്തെ പടിഞ്ഞാറെ കോട്ടക്കകത്തെ വീട്ടിൽ നിശബ്ദനായിരിക്കുകയാണ് അനിൽ ദിവാകർ



# മലയാളം ലോകസാഹിത്യത്തിനു നൽകിയ അപൂർവ്വ പ്രതിഭകളിൽ ഒരാളാണ് എം ടി.

**പിണറായി വിജയൻ**
(കേരള മുഖ്യമന്ത്രി)

സാഹിത്യരചനയിലൂടെ സമൂഹത്തെ പുരോഗമനോന്മുഖമായി മുന്നോട്ടുനയിക്കുന്നതിൽ എന്നും ജാഗ്രത പുലർത്തിയ എഴുത്തുകാരനായിരുന്നു എം ടി വാസുദേവൻ നായർ. പള്ളിവാളും കാൽച്ചിലമ്പും എന്ന കൃതി തന്നെ മതിയാകും അദ്ദേഹത്തിലെ ഈ പുരോഗമനോന്മുഖ സ്വഭാവം തിരിച്ചറിയാൻ. പിന്നീടത് ചലച്ചിത്രമായി മാറിയപ്പോൾ തനിക്ക് പറയാനുള്ള ഉൽപതിഷ്ണുത്വം നിറഞ്ഞ കാഴ്ചപ്പാടുകൾ സധൈര്യം അദ്ദേഹം അതിലൂടെ മുന്നോട്ടുവെച്ചു. 'ഇന്നാണെങ്കിൽ നിർമാല്യം പോലെ ഒരു ചിത്രം എടുക്കാൻ എനിക്ക് കഴിഞ്ഞേക്കില്ല' എന്നൊരിക്കൽ അദ്ദേഹം നടത്തിയ പ്രസ്താവന മാറിവരുന്ന ഇന്ത്യൻ സാഹചര്യങ്ങൾക്കു നേരേ പിടിച്ച കണ്ണാടി കൂടിയായിരുന്നു.

സമൂഹത്തിന്റെ ഉത്കർഷത്തിന് മതവേർതിരിവില്ലാത്ത മനുഷ്യസ്നേഹവും ഐക്യവും പുരോഗമനചിന്തയും അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ആ ആശയം തന്റെ എഴുത്തുകളിൽ സർഗാത്മകമായി ചേർത്തു. ഒപ്പം, ഓരോ കാലഘട്ടത്തിലും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലുണ്ടാവുന്ന മൂല്യച്യുതിക്കെതിരെ രംഗത്തുവരുകയും ചെയ്തു. ചെറുക്കേണ്ടതിനെ ചെറുക്കാനും സ്വീകരിക്കേണ്ടതിനെ സ്വീകരിക്കാനും കഴിയുന്ന വിധത്തിൽ സമൂഹത്തെ പാകപ്പെടുത്തുന്നതിന് അദ്ദേഹം എഴുത്തിലൂടെയും സാമൂഹിക ഇടപെടലിലൂടെയും നൽകിയ സംഭാവനകൾ വളരെ വലുതാണ്.

മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛന് എം ടിയുടെ മുൻകൈയിൽ നൽകപ്പെട്ട ആദരമാണ് തുഞ്ചൻ പറമ്പിന്റെ നവീകരണം. തുഞ്ചൻ പറമ്പിനെ വർഗ്ഗീയ പ്രചാരണങ്ങൾക്കുള്ള വേദിയാക്കി മാറ്റാൻ ചിലർ ശ്രമിച്ചപ്പോൾ അതിനെ അദ്ദേഹം ജാഗ്രതയോടെ ചെറുത്തു. എം ടി എന്നും മതനിരപേക്ഷതയുടെ കരുത്തനായ വക്താവായിരുന്നു. ആ മൂല്യം മുറുകെപ്പിടിക്കുന്നതിലും അതിനായി നിലകൊള്ളുന്നതിലും ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ശ്രദ്ധ ചെലുത്തി. അത് പലപ്പോഴും പ്രതിലോമ ആശയങ്ങളുടെ പ്രചാരകർക്ക് അലോസരമുണ്ടാക്കുകയും ചെയ്തു. അത് ഭീഷണിയുടെ തലത്തിലെത്തിയപ്പോൾ പോലും അദ്ദേഹം കുലുങ്ങിയില്ല. ഉറച്ച മനസ്സോടെ നിന്നു! നാലുകെട്ടിലും അസുരവിത്തിലും ഒക്കെ മതാതീതമായ മനുഷ്യസ്നേഹത്തിന്റെ മഹത്തായ മുഹൂർത്തങ്ങൾ ഉൾച്ചേർത്ത എം ടി സ്വന്തം ജീവിതത്തിൽ മതനിരപേക്ഷ നിലപാടു വിട്ടുവീഴ്ചയില്ലാതെ ഉയർത്തിപ്പിടിച്ചത് സ്വാഭാവികം തന്നെ. തന്റെ ഏതെങ്കിലുമൊരു വാക്കോ പ്രവൃത്തിയോ ഇടതുപക്ഷത്തിന് പോറലേൽപ്പിക്കുന്നതാവരുത് എന്ന കാര്യത്തിൽ തന്റെ സാഹിത്യ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും പ്രത്യേക നിഷ്ക്കർഷ പുലർത്തിയിരുന്നു എം ടി എന്നത് പ്രത്യേകം പറയേണ്ടതുണ്ട്.

മലയാളം ലോകസാഹിത്യത്തിനു നൽകിയ അപൂർവ്വ പ്രതിഭകളിൽ ഒരാളാണ് എം ടി. ഏതെങ്കിലും ഒരു കള്ളിയിൽ ഒതുങ്ങിനിൽക്കുന്നതല്ല എം ടിയുടെ പ്രതിഭ. പ്രഗത്ഭനായ ചലച്ചിത്രകാരൻ, മികച്ച പത്രാധിപർ എന്നീ നിലകളിലും അദ്ദേഹം കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക ജീവിതത്തിൽ തനതായ മുദ്ര പതിപ്പിച്ചു.

ഓരോ ഭാഷയിലും നിരവധി സാഹിത്യകാരന്മാരുണ്ടാകാറുണ്ട്. എന്നാൽ, സാഹിത്യപ്രേമികളുടെ ബുക്ക് ഷെൽഫുകളിൽ നിർബ്ബന്ധമായും ഇടം പിടിച്ചിരിക്കേണ്ട, നിർബ്ബന്ധമായും വായിച്ചിരിക്കേണ്ട അപൂർവ്വം പ്രതിഭകളേ ഉണ്ടാകാറുള്ളൂ. ഇംഗ്ലീഷ് സാഹിത്യം ഇഷ്ടപ്പെടുന്നവർ ഷേക്സ്പിയറിനെയും ഫ്രഞ്ച് സാഹിത്യം ഇഷ്ടപ്പെടുന്നവർ വിക്ടർ യൂഗോയെയും വായിക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യും. മലയാളത്തിന്റെ കാര്യമെടുത്താൽ ആ സ്ഥാനം എം ടിക്കു കൂടി അവകാശപ്പെട്ടതാണ്. മഞ്ഞും അസുരവിത്തും കാലവും രണ്ടാമൂഴവും ഒക്കെ അലങ്കരിക്കാത്ത ബുക്ക് ഷെൽഫുകൾ കേരളത്തിൽ ഇല്ലെന്നുതന്നെ പറയാം. ചങ്ങമ്പുഴയ്ക്കു ശേഷം മലയാളി ഇത്രയേറെ വായിച്ച മറ്റൊരു സാഹിത്യകാരനുണ്ടാകില്ല.

സാഹിത്യമോ സിനിമയോ പത്രപ്രവർത്തനമോ ഏതു രംഗവുമാകട്ടെ അവിടെയെല്ലാം മുദ്ര പതിപ്പിച്ച വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. മികവാർന്ന പുസ്തകങ്ങൾ കൊണ്ട് സാഹിത്യത്തെയും സിനിമകൾ കൊണ്ട് ചലച്ചിത്ര രംഗത്തെയും അദ്ദേഹം ശ്രദ്ധേയമാക്കി. പത്രാധിപരായിരുന്ന കാലത്താകട്ടെ പല തലമുറകളിൽപ്പെട്ട അനേകം എഴുത്തുകാരെ പ്രോത്സാഹിപ്പിച്ചു. അതാകട്ടെ, മലയാള സാഹിത്യത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും മുതൽക്കൂട്ടായി. അങ്ങനെ നോക്കുമ്പോൾ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തെ പരിപോഷിപ്പിക്കുന്നതിൽ എം ടി നൽകിയ സംഭാവനകൾ താരതമ്യമില്ലാത്തതാണ്.

എം ടി ഒരു പാഠപുസ്തകമാണ്. ആ ജീവിതത്തിലെ ഓരോ ഏടും ഓരോ ഇഴയും വേറിട്ടു പരിശോധിക്കുന്നത് സാഹിത്യ പഠിതാക്കൾക്ക് ഉപകാരപ്രദമായ ഒന്നാണ്. എഴുതേണ്ടതെങ്ങനെ, അതിനുള്ള നിലമൊരുക്കേണ്ടതെങ്ങനെ, എഴുത്തിന്റെ സാമൂഹിക കടമയെന്ത് എന്നെല്ലാം ആ ജീവിതത്തിൽ നിന്നും നമുക്കു പഠിച്ചെടുക്കാനാവും. സാഹിത്യരംഗത്തേക്കു കടന്നുവരുന്ന ഏതൊരാളും വായിച്ചിരിക്കേണ്ട പുസ്തകമാണ് 'കാഥികന്റെ പണിപ്പുര'.

സാഹിത്യത്തെക്കുറിച്ച് ഇഴകീറി പരിശോധിക്കാൻ ഞാനാളല്ല. എന്നാൽ, എം ടിയുടെ ചില സവിശേഷതകൾ ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നാടിന്റെ ചരിത്രപരമായ എല്ലാ അംശങ്ങളെയും സ്വാംശീകരിക്കാൻ അദ്ദേഹത്തിന്റെ രചനകൾക്കു കഴിഞ്ഞിട്ടുണ്ട്. മിത്തുകളുടെ പുനർവായന, ഫ്യൂഡലിസത്തിന്റെ തകർച്ച, പുരോഗമന ചിന്തകളുടെ വരവ്, ആഗോളവത്ക്കരണം, പ്രവാസം എല്ലാം തന്നെ അദ്ദേഹത്തിന്റെ രചനകൾക്ക് വിഷയമായി. അങ്ങനെ നോക്കുമ്പോൾ ഈ നാടിന്റെ പൊളിറ്റിക്കൽ – ഹിസ്റ്റോറിക്കൽ ക്രോണിക്കിൾ കൂടിയാണ് ആ സൃഷ്ടികൾ. സാധാരണ മിത്തുകളെ അധികരിച്ച് രചനകളുണ്ടാവുമ്പോൾ അവ വ്യാഖ്യാനങ്ങളായി മാറുകയാണ് പതിവ്. എന്നാൽ, അതിൽ നിന്നു വഴിമാറി സഞ്ചരിച്ച അപൂർവ്വം കൃതികളേയുള്ളൂ. മിത്തുകളുടെ കഥാസന്ദർഭത്തോടൊപ്പം തന്നെ അവ വർത്തമാനകാല സമൂഹത്തെ പ്രതിഫലിപ്പിക്കുക കൂടി ചെയ്യുന്നതുകൊണ്ടാണ് അത്തരം കൃതികൾ കാലത്തെ അതിജീവിക്കുന്നത്. അതുതന്നെയാണ് രണ്ടാമൂഴത്തിന്റെ സവിശേഷത. മാറ്റിനിർത്തപ്പെടുന്നതിന്റെ, എന്നും രണ്ടാംമൂഴക്കാരനായി പോകേണ്ടി വരുന്നതിന്റെ വ്യഥ നമുക്ക് ഭീമന്റെ മനസ്സിൽ നിന്ന് എം ടി പകർന്നു നൽകുന്നു.

എന്നും പുരോഗമനപക്ഷം ചേർന്നു സഞ്ചരിച്ച എഴുത്തുകാരനാണ് എം ടി. അത് സിനിമയിലുമതേ, സാഹിത്യത്തിലുമതേ. നാലുകെട്ട് എന്ന കൃതി അവസാനിക്കുന്നത് പുതിയ കാറ്റും വെളിച്ചവും കയറുന്ന വീടു പണിയണമെന്ന പരാമർശത്തോടു കൂടിയാണ്. ഫ്യൂഡലിസം തകർന്നു, പുതിയൊരു സമൂഹമായി പരിണമിക്കാൻ മലയാളി ഒരുങ്ങുന്നു എന്നുകൂടി അതിനർത്ഥമുണ്ട്. പുരോഗമന ചിന്തകളുടെ കടന്നുവരവിനെ ഇത്രയേറെ പ്രതീകാത്മകമായി അവതരിപ്പിച്ച രചനകൾ അധികമുണ്ടാവില്ല. കഥയുടെ കൈയടക്കത്തെക്കുറിച്ച് പഠിക്കുന്ന ഓരോരുത്തർക്കുമുള്ള പാഠപുസ്തകമാണ് അദ്ദേഹത്തിന്റെ രചനകൾ. സ്ത്രീസമൂഹത്തിന്റെ ദുഃഖങ്ങളും പരിദേവനങ്ങളും വിഷയമാക്കിയ 'ഓപ്പോൾ', ആഗോളവത്ക്കരണ കാലത്തെ വിപണി സംസ്കാരത്തെ പ്രതിഫലിപ്പിച്ച 'വിൽപ്പന', സാമ്രാജ്യത്വത്തിന്റെ കടന്നുവരവിനെ വരച്ചുകാട്ടിയ 'ഷെർലക്', തുടങ്ങി 'കാഴ്ച' വരെയുള്ള ഓരോ കഥയിലും ഈ കൈയടക്കം നമുക്ക് കാണാൻ കഴിയും. കഥനത്തിന്റെ ഒരു പാളി മുകളിൽ സ്ഥാപിച്ചുകൊണ്ട് അതിനടിയിൽ അനേകം സാമൂഹികയാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. പുതുതലമുറ എഴുത്തുകാർ പഠിക്കേണ്ട ഒന്നാണ് കഥയെഴുത്തിലെ ആ ക്രാഫ്റ്റ്.

കലാസൃഷ്ടികളെ കേരളസമൂഹത്തെ ഇകഴ്ത്തിക്കാട്ടാനുള്ള ഉപാധിയായി ഉപയോഗിക്കപ്പെടുന്ന ഒരു കാലഘട്ടമാണിത്. പ്രൊപ്പഗണ്ട സിനിമകൾ യാതൊരു തത്വദീക്ഷയുമില്ലാതെ നുണകൾ പ്രചരിപ്പിക്കുന്നു. കേരളത്തെ ഇകഴ്ത്തിക്കാട്ടുന്നു. ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർ തന്നെ അത്തരം സിനിമകൾ പ്രചരിപ്പിക്കുന്നു. ഈ ഘട്ടത്തിലാണ് 'നിർമ്മാല്യ'വും 'ഓളവും തീരവും' പോലെയുള്ള സിനിമകളും അവയുടെ ആശയങ്ങളും പ്രാധാന്യമർഹിക്കുന്നത്.

എഴുത്തുകാരൻ എന്ന നിലയിൽ മാത്രമല്ല എം ടി മലയാളത്തിൽ സാന്നിദ്ധ്യമറിയിച്ചിട്ടുള്ളത്. മികച്ച ഒരു വായനക്കാരൻ കൂടിയായിരുന്നു അദ്ദേഹം. ലോകസാഹിത്യത്തിലെ വിഖ്യാതമായ എത്രയോ കൃതികളെ തന്റെ വായനാനുഭവത്തിലൂടെ അദ്ദേഹം മലയാളികൾക്ക് പരിചയപ്പെടുത്തി. ഇന്നും മലയാളികളുടെ പ്രിയപ്പെട്ട പുസ്തകങ്ങളാണ് അവയെല്ലാം.

ഏഴ് പതിറ്റാണ്ടിലേറെക്കാലത്തെ തന്റെ രചനകളിലൂടെ ലോകസാഹിത്യ വിഹായസ്സിലേക്ക് മലയാള ഭാഷയെയും സാഹിത്യത്തെയും കൈപിടിച്ചാനയിക്കുകയാണ് എം ടി ചെയ്തത്. ഇന്ത്യയിലെ പരമോന്നത സാഹിത്യപുരസ്ക്കാരമായ ജ്ഞാനപീഠം മുതൽ രാഷ്ട്രത്തിന്റെ ആദരവായ പത്മഭൂഷൺ വരെ എം ടിയെ തേടിയെത്തിയിരുന്നു. മാതൃഭൂമി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപർ, കേരള സാഹിത്യ അക്കാദമിയുടെ അധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗം, തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ അധ്യക്ഷൻ തുടങ്ങിയ നിലകളിൽ ഭാഷയ്ക്കും സാഹിത്യത്തിനും എം ടി നൽകിയ സേവനങ്ങൾ എക്കാലത്തും ഓർമിക്കപ്പെടും.

## എംടിയുടെ നിര്യാണം മലയാളിക്കും മലയാളത്തിനും മാത്രമല്ല, ഭാരതീയ സാഹിത്യത്തിനും തീരാനഷ്ടം: ഗവർണർ

തിരുവനന്തപുരം: മലയാള സാഹിത്യത്തെയും സിനിമയെയും പത്രപ്രവർത്തനത്തെയും ഒരുപോലെ സമ്പന്നമാക്കിയ ബഹുമുഖ പ്രതിഭയായിരുന്നു ജ്ഞാനപീഠ സമ്മാനിതനായ എം. ടി. വാസുദേവൻ നായരെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. മലയാള സാഹിത്യത്തിലെ ആധുനികതയ്ക്ക് എം. ടി. നൽകിയ സംഭാവന അതുല്യമാണ്. അദ്ദേഹത്തിന്റെ നിര്യാണം മലയാളിക്കും മലയാളത്തിനും മാത്രമല്ല, ഭാരതീയ സാഹിത്യത്തിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദു: ഖത്തിൽ പങ്കുചേരുന്നുവെന്നും ഗവർണർ പറഞ്ഞു. രാത്രി പത്തോടെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ആയിരുന്നു മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ എം. ടി. വാസുദേവൻ നായരുടെ അന്ത്യം.

ശ്വസന, ഹൃദയ സംബന്ധമായ അസുഖങ്ങളെ തുടർന്നു ഡിസംബർ 15നാണ് എം. ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വാർധക്യ സഹജമായ രോഗങ്ങളെ തുടർന്ന് ഏറെ നാളായി ചികിത്സയിലായിരുന്നു.

എം. ടിയുടെ കോഴിക്കോട്ടെ വീടായ സിത്താരയിൽ മാത്രമായിരിക്കും പൊതുദർശനം. വ്യാഴാഴ്ച വൈകുന്നേരം അഞ്ചിനാണ് സംസ്കാരം. കോഴിക്കോട് മാവൂർ റോഡിലെ ശ്മശാനത്തിലാണ് സംസ്കാരം നടക്കുക.

## എം. ടി. മലയാള ഭാഷയുടെ ഇതിഹാസം; ഈ വിയോഗം ഞങ്ങളെ അനാഥമാക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: ഒരു ജനതയാകെ മാതൃഭാഷ എങ്ങനെ എഴുതണം, എങ്ങനെ പറയണം എന്ന് ഒരു പേനയുടെ ബലം കൊണ്ട് നിർണയിക്കാൻ കഴിഞ്ഞ മനുഷ്യനാണ് എം. ടി. വാസുദേവൻ നായരെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

മലയാളത്തിന്റെ പുണ്യവും നിറവിളക്കുമായി നിറഞ്ഞു നിന്ന എം. ടി. രാജ്യത്തിന്റെ ഔന്നത്യമായിരുന്നു. മലയാള ഭാഷയുടെ ഇതിഹാസം. സ്വന്തം ജീവിതം കൊണ്ട് അദ്ദേഹം തീർത്തത് കേരളത്തിന്റെ തന്നെ സാംസ്കാരിക ചരിത്രമാണ്. ഈ വിയോഗം ഞങ്ങളെ അനാഥമാക്കുന്നു. ദുഃഖം ഘനീഭവിക്കുന്നു. സങ്കടം കടലാകുന്നുവെന്നും അദ്ദേഹം അനുശോചിച്ചു.

രാത്രി പത്തോടെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ആയിരുന്നു മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ എം. ടി വാസുദേവൻ നായരുടെ അന്ത്യം.

ശ്വസന, ഹൃദയ സംബന്ധമായ അസുഖങ്ങളെ തുടർന്നു ഡിസംബർ 15നാണ് എം. ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വാർധക്യ സഹജമായ രോഗങ്ങളെ തുടർന്ന് ഏറെ നാളായി ചികിത്സയിലായിരുന്നു.

എം. ടിയുടെ കോഴിക്കോട്ടെ വീട്ടിൽ മാത്രമായിരിക്കും പൊതുദർശനം എന്നാണ് വിവരം. വ്യാഴാഴ്ച വൈകുന്നേരം അഞ്ചിനാണ് സംസ്കാരം. കോഴിക്കോട് മാവൂർ റോഡിലെ ശ്മശാനത്തിലാണ് സംസ്കാരം നടക്കുക.

## എം. ടി ഒരു നക്ഷത്രമായിരുന്നു, അദ്ദേഹം വഴികാട്ടിയാണ്: ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ

കോഴിക്കോട്: എം. ടി അനശ്വരനാണെന്ന് കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ. എം. ടി ഒരു നക്ഷത്രമായിരുന്നു. ക്രിസ്മസ് രാത്രിയിലാണ് അദ്ദേഹം മരിച്ചത്. നക്ഷത്രം വഴികാട്ടിയാണ്. അദ്ദേഹം എന്നും നമുക്കൊപ്പം ഉണ്ടാകുമെന്നും ഡോ. വർഗീസ് ചക്കാലയ്ക്കൽ കൂട്ടിച്ചേർത്തു. കാലത്തെ അനശ്വരനാക്കിയ കലാകാരനാണ് എം. ടി. മലയാളത്തിന്റെ ശബ്ദമായി മാറി. മലയാള അക്ഷരങ്ങൾ ലോകത്തിന് മുഴുവൻ വ്യാപിപ്പിച്ചു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിച്ചാണ് താൻ വളർന്നതെന്നും അവയെല്ലാം തന്റെ ഭാഷയെ പുഷ്ടിപ്പെടുത്താൻ സഹായിച്ചെന്നും ഡോ. വർഗീസ് ചക്കാലക്കൽ അനുസ്മരിച്ചു.

## മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അനുശോചന കുറിപ്പ്

കഥാവശേഷനായ എം.ടി വാസുദേവൻ നായർ കാലത്തിന്റെ കണ്ണാടിയായിരുന്നു. ദേശീയ ബഹുമതികളും മറ്റ് നിരവധി ബഹുമതികളും തേടിയെത്തിയപ്പോഴെല്ലാം എം.ടി എം ടിയായി തന്നെ നിലനിന്നു. ലോകസാഹിത്യത്തിന് മലയാള സാഹിത്യത്തെ പരിചയപ്പെടുത്തിയ എം ടിയെ മലയാളത്തിന് മറക്കാൻ കഴിയില്ല. ആ സ്മരണകൾക്ക് മുന്നിൽ പ്രണാമം.

## മന്ത്രി ജെ ചിഞ്ചുറാണിയുടെ അനുശോചന കുറിപ്പ്

ഏറ്റവും ദുഃഖഭരിതമായ നിമിഷങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. എം.ടിയുടെ നഷ്ടം മലയാളത്തിന്റെ ആത്മാവിന്റെ നഷ്ടമാണ്. സാഹിത്യത്തിനപ്പുറം ഒരു സംസ്കാരം കൂടി രചിച്ചാണ് എം.ടി.കടന്നുപോയത്. സർഗ്ഗാത്മകതയുടെ ആ നാലു കെട്ട് ശൂന്യമായിരിക്കുന്നു മലയാളവും മലയാളിത്തവും അനാഥമായ പോലെയുള്ള വിടവാങ്ങൽ. മലയാളമുള്ള കാലത്തോളം എം.ടി ഓർമ്മിക്കപ്പെടും.

## എം. ടി. യുടെ വിയോഗം സാഹിത്യമേഖലയ്ക്കും രാജ്യത്തിനും വലിയ നഷ്ടം: കെ. സി വേണുഗോപാൽ

ന്യൂഡൽഹി: വിഖ്യാത സാഹിത്യകാരനും കഥകളുടെ പെരുന്തച്ചനുമായ എം ടി വാസുദേവൻ നായരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ. സാഹിത്യമേഖലയ്ക്ക് മാത്രമല്ല രാജ്യത്തിന് തന്നെ വലിയ നഷ്ടമാണ് എം. ടിയുടെ വിയോഗമെന്നും മലയാളത്തിന്റെ പുണ്യമായിരുന്ന എംടി ഓരോ മലയാളിയുടെയും സ്വകാര്യ അഹങ്കാരം കൂടിയായിരുന്നുവെന്നും കെ. സി. വേണുഗോപാൽ പറഞ്ഞു.

'മാനവികതയുടെയും മനുഷ്യ സ്നേഹത്തിന്റെയും സന്ദേശം കഥകളിലൂടെയും നോവലുകളിലൂടെയും ലേഖനങ്ങളിലൂടെയും മനുഷ്യ ഹൃദയങ്ങളിലേക്ക് സന്നിവേശിപ്പിച്ച സാഹിത്യകാരനായിരുന്നു എംടി. നമ്മുടെ സ്വകാര്യതകളിൽ താലോലിച്ച സ്വപ്നങ്ങളും മോഹങ്ങളും മോഹഭംഗങ്ങളുമെല്ലാം എംടിയുടെ കഥാപാത്രങ്ങളിൽ എപ്പോഴും നമുക്ക് ദർശിക്കാൻ കഴിയും. '- കെ. സി. വേണുഗോപാൽ പറഞ്ഞു.

മനസിലും ചിന്തയിലും ഗ്രഹാതുരത്വത്തിന്റെ നനുത്ത ഓർമ്മകൾ പകരുന്ന അക്ഷരങ്ങൾ കൊണ്ട് മായിക ലോകം അദ്ദേഹം സൃഷ്ടിച്ചുവെന്നും വേണുഗോപാൽ പറഞ്ഞു. 'ദീർഘകാലത്തെ ഊഷ്മള ബന്ധമാണ് തനിക്ക് എംടിയുമായി ഉണ്ടായിരുന്നത്. നിരവധി പൊതുപരിപാടികളിൽ അദ്ദേഹവുമായി വേദി പങ്കിടാൻ അവസരം ലഭിച്ചിട്ടുണ്ട്. നവതി ആഘോഷങ്ങളുടെ നിറവിൽ നിന്ന അദ്ദേഹത്തെ കോഴിക്കോടുള്ള വീട്ടിലെത്തി സന്ദർശിച്ചിരുന്നു. '-വേണുഗോപാൽ പറഞ്ഞു.

മലയാളത്തെ വിശ്വ സാഹിത്യത്തിലേക്ക് ഉയർത്തിയ പകരം വയ്ക്കാൻ ഇല്ലാത്ത അതുല്യപ്രതിഭയായ എഴുത്തുകാരനായിരുന്നു എം. ടി. കഥകളും ഭാഷയും സാഹിത്യവും ഉള്ള കാലത്തോളം എംടിക്ക് മരണമില്ല. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നുവെന്നും കെസി അനുശോചന കുറിപ്പിൽ പറഞ്ഞു.

ഇക്കഴിഞ്ഞ 15 നാണ് അദ്ദേഹത്തെ ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് എം. ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇതിനിടയിൽ ഹൃദയാഘാതം ഉണ്ടായി. കഴിഞ്ഞ നാല് ദിവസം ആരോഗ്യനിലയിൽ കാര്യമായ മാറ്റമുണ്ടായിരുന്നില്ല. യന്ത്ര സഹായമില്ലാതെ ശ്വസിക്കാൻ സാധിക്കുമായിരുന്നു. ബുധനാഴ്ച രാത്രി കിഡ്നിയുടെയും ഹൃദയത്തിന്റെയും പ്രവർത്തനം മന്ദഗതിയിലാവുകയും രാത്രി 10 മണിയോടെ മരണം സംഭവിക്കുകയുമായിരുന്നു.

## എം. ടിയുടെ കൃതികൾ തലമുറകളെ ഇനിയും പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി; സാഹിത്യലോകം കൂടുതൽ ദരിദ്രമായെന്ന് രാഷ്ട്രപതി

ന്യൂഡൽഹി: എം. ടി. വാസുദേവൻ നായരുടെ വിയോഗത്തിൽ അതീവ ദുഃഖം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. മലയാളത്തിലെ ഏറ്റവും ബഹുമാനിക്കപ്പെട്ട വ്യക്തിത്വമായിരുന്നു എം. ടിയെന്നും അദ്ദേഹത്തിന്റെ കൃതികൾ ഇനിയും തലമുറകളെ പ്രചോദിപ്പിക്കുമെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു.

മനുഷ്യ വികാരങ്ങളുടെ ഗാഢമായ പര്യവേക്ഷണം ആയിരുന്നു എം. ടിയുടെ കൃതികൾ. അദ്ദേഹത്തിന്റെ കൃതികൾ തലമുറകളെ രൂപപ്പെടുത്തുകയും ഇനിയും പ്രചോദിപ്പിക്കുകയും ചെയ്യും. ശബ്ദമില്ലാത്തവർക്കും പാർശ്വവത്കൃതർക്കും അദ്ദേഹം ശബ്ദമായി. തന്റെ ചിന്തകൾ അദ്ദേഹത്തിന്റെ കുടുംബത്തോടൊപ്പമാണെന്നും മോദി എക്സിൽ കുറിച്ചു. അതേസമയം, എം. ടിയുടെ നിര്യാണത്തോടെ സാഹിത്യ ലോകം കൂടുതൽ ദരിദ്രമായിരിക്കുന്നു എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അഭിപ്രായപ്പെട്ടു. ഗ്രാമീണ ഇന്ത്യ അദ്ദേഹത്തിന്റെ രചനകളിൽ സജീവമായി. പ്രധാന സാഹിത്യ അവാർഡുകൾ നൽകി അദ്ദേഹത്തെ ആദരിച്ചു.

സിനിമാ മേഖലയ്ക്ക് നിസ്തുലമായ സംഭാവനയാണ് അദ്ദേഹം നൽകിയത്. അദ്ദേഹത്തിന് പത്മഭൂഷൺ ലഭിച്ചു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും അദ്ദേഹത്തിന്റെ വായനക്കാർക്കും ആരാധകർക്കും തന്റെ ഹൃദയംഗമമായ അനുശോചനം അറിയിക്കുന്നുവെന്നും രാഷ്ട്രപതി എക്സിൽ കുറിച്ചു. സാഹിത്യത്തിലും സിനിമയിലും നികത്താനാവാത്ത ശൂന്യതയാണ് എം. ടി. വാസുദേവൻ നായരുടെ വിയോഗത്തിലൂടെ സംഭവിച്ചിരിക്കുന്നതെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അനുസ്മരിച്ചു. അദ്ദേഹത്തിന്റെ കഥകളെല്ലാം കേരളത്തിന്റെ സംസ്കാരവും മനുഷ്യ വികാരങ്ങളും നിറഞ്ഞുനിൽക്കുന്നവയായിരുന്നു. തലമുറകളെയാണ് അവ പ്രചോദിപ്പിച്ചത്. അദ്ദേഹത്തിന്റെ കൃതികൾ ഇനിയും തലമുറകളെ പ്രചോദിപ്പിക്കും. കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയാണെന്നും രാഹുൽ ഗാന്ധി അനുസ്മരിച്ചു.

## വിടവാങ്ങിയത് കലയുടെയും സാഹിത്യത്തിന്റെയും ഉത്തമ സംരക്ഷകൻ: എംടിയെ അനുസ്മരിച്ച് പ്രിയങ്ക ഗാന്ധി

കോഴിക്കോട്: എം. ടി വാസുദേവൻ നായരുടെ വിയോഗത്തിൽ അനുശോചനം അറിയിച്ച് വയനാട് എംപി പ്രിയങ്ക ഗാന്ധി. കലയുടെയും സാഹിത്യത്തിന്റെയും ഉത്തമ സംരക്ഷകനായ എം. ടിയുടെ വിയോഗം രാജ്യത്തെയൊന്നാകെ പിടിച്ചുലയ്ക്കുന്നതാണെന്ന് പ്രിയങ്ക ഗാന്ധി കുറിച്ചു. 'എം. ടി. വാസുദേവൻ നായരുടെ വേർപാടോടെ സാഹിത്യത്തെയും സിനിമയേയും സാംസ്കാരികാവിഷ്കാരത്തിന്റെ ശക്തമായ മാധ്യമങ്ങളാക്കി പരിവർത്തനം ചെയ്ത ഒരു മഹാപ്രതിഭയേയാണ് നമുക്ക് നഷ്ടമായത്. കേരളത്തിന്റെ പൈതൃകവും മനുഷ്യവികാരങ്ങളുടെ ആഴവും ഉൾകൊള്ളുന്നതായിരുന്നു അദ്ദേഹത്തിന്റെ കൃതികൾ. '-പ്രിയങ്ക കുറിച്ചു. എം. ടിയുടെ കുടുംബത്തിനും സുഹൃത്തുക്കൾക്കും ആരാധകർക്കും അനുശോചനമറിയിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞ എല്ലാ കഥകളിലൂടെയും അദ്ദേഹം സ്പർശിച്ച എല്ലാ കഥകളിലൂടെയും അദ്ദേഹത്തിന്റെ പൈതൃകം ഇനിയും ജീവിക്കുമെന്നും പ്രിയങ്ക എക്സിൽ കുറിച്ചു.







# പ്രിയ വർഗീസിന്റെ നിയമനം: നടപടിയെ ചോദ്യം ചെയ്യാതിരുന്ന മൂന്നാം റാങ്കുകാരന്റെ ഭാര്യക്ക് രജിസ്ട്രാർ നിയമനം

കണ്ണൂർ: പ്രിയ വർഗീസിനു കണ്ണൂർ സർവകലാശാലയിൽ അസോ. പ്രഫസർ നിയമനം നൽകിയപ്പോൾ നടപടിയെ ചോദ്യം ചെയ്യാതിരുന്ന മൂന്നാം റാങ്കുകാരന്റെ ഭാര്യക്ക് ശ്രീനാരായണ ഓപ്പൺ സർവകലാശാലയിൽ രജിസ്ട്രാർ നിയമനം നൽകിയതു സർക്കാരിന്റെ പാരിതോഷികമാണെന്ന് കെപിസിടിഎ കണ്ണൂർ മേഖലാ കമ്മിറ്റി.

മൂന്നാം റാങ്കുകാരനായിരുന്ന സി. ഗണേഷിനു സീനിയോറിറ്റിയും മാനദണ്ഡങ്ങളും നോക്കാതെ മലയാളം സർവകലാശാലയിൽ പരീക്ഷാ കൺട്രോളറായി നേരത്തേ നൽകിയ നിയമനത്തിന്റെ തുടർച്ചയായാണ് ഇപ്പോൾ അദ്ദേഹത്തിന്റെ ഭാര്യക്ക് രജിസ്ട്രാർ നിയമനവും നൽകിയത്. സർവകലാശാലകളിലേക്കുള്ള സർക്കാരിന്റെ അനധികൃത ഇടപെടലുകളുടെ ഒടുവിലത്തെ ഉദാഹരണമാണിതെന്ന് കെപിസിടിഎ ഭാരവാഹികൾ പറഞ്ഞു.

കണ്ണൂർ സർവകലാശാലയിൽ നിയമനത്തിനെതിരേ സുപ്രീംകോടതിയെ സമീപിച്ച ജോസഫ് സ്കറിയായോടുകൂടെയാണ് കേരളത്തിലെ അധ്യാപക സമൂഹം. 651 റിസർച്ച് സ്കോർ ഉണ്ടായിരുന്ന ജോസഫ് സ്കറിയയെ 156 എന്ന വളരെ കുറഞ്ഞ റിസർച്ച് സ്കോർ കൊണ്ടാണ് സുപ്രീംകോടതി അയോഗ്യനാക്കി മാറ്റിയ ഗോപിനാഥ് രവീന്ദ്രൻ വൈസ് ചാൻസലർ ആയിരുന്ന കാലഘട്ടത്തിൽ സർവകലാശാലയിൽ മലയാളം ഡിപ്പാർട്ട്മെൻറിൽ അസോസിയേറ്റ് പ്രഫസറായി പ്രിയ വർഗീസിനെ നിയമിച്ചത്. നിയമനത്തിനെതിരേ യുജിസിയും ജോസഫ് സ്കറിയയും കോടതിയെ സമീപിക്കുകയും ഇപ്പോൾ കേസ് സുപ്രീംകോടതിയിൽ എത്തി നിൽക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന മുൻ എംപിയുടെ ഭാര്യയുടെ നിയമനം എന്ന രീതിയിൽ കേരളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട നിയമനമാണിത്. ഏത് അനധികൃത നിയമനവും സംയമനത്തോടെ കാണുന്ന ഇടതുപക്ഷ അധ്യാപക നേതാക്കൾക്ക് വേണ്ടി ഏതു പദവിയും നൽകാനുള്ള സർക്കാർ സ്പോൺസേർഡ് നിലപാട് ഉന്നത വിദ്യാഭ്യാസ മേഖലയോടുള്ള വെല്ലുവിളിയാണ്. നാലാം റാങ്കുകാരനായിരുന്ന പി. പി. പ്രകാശിനു പിഎസ്സി അംഗമായി നേരത്തെ സർക്കാർ നിയമനം നൽകിയിരുന്നു. മൂന്നാം റാങ്കുകാരന് പരീക്ഷാ കൺട്രോളർ നിയമനവും അദ്ദേഹത്തിന്റെ ഭാര്യക്ക് രജിസ്ട്രാർ നിയമനവും ലഭിച്ചപ്പോൾ റാങ്ക് പട്ടികയിലുള്ള കേസ് കൊടുത്ത ജോസഫ് സ്കറിയ ഒഴികെയുള്ള ഏവരെയും അടുത്ത ബന്ധുക്കളെയും വരെ നിർണായക നിയമനങ്ങൾ നൽകി സന്തോഷിപ്പിച്ചു എന്നത് വ്യക്തമാണ്.

മൂന്നാം റാങ്കുകാരൻ സി. ഗണേഷിന്റെ ഭാര്യയുടെ രജിസ്ട്രാർ നിയമനത്തിലെ വിശദാംശങ്ങൾ പഠിക്കുമെന്നും അനധികൃത നിയമനത്തെ വീണ്ടും കോടതിയിൽ ചോദ്യം ചെയ്യുമെന്നും കെപിസിടിഎ അറിയിച്ചു. ഡോ. ഷിനോ പി. ജോസ് അധ്യക്ഷത വഹിച്ചു. ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. പി. പ്രജിത, ഡോ. വി. പ്രകാശ് എന്നിവർ പ്രസംഗിച്ചു.

## മഴ കളമൊഴിഞ്ഞു; അഞ്ചുദിവസം ഒരു ജില്ലകളിലും മുന്നറിയിപ്പില്ല

തിരുവനന്തപുരം: സംസ്ഥാനത്ത് മഴ തീർത്തും ദുർബലമായി. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അടുത്ത അഞ്ചുദിവസത്തെ റിപ്പോർട്ട് പ്രകാരം ഒരു ജില്ലകളിലും പ്രത്യേക മഴമുന്നറിയിപ്പില്ല. അതേസമയം, ശബരിമലയിലെ പ്രത്യേക കാലാവസ്ഥാ മുന്നറിയിപ്പ് പ്രകാരം ഇന്ന് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആകാശം ഭാഗികമായി മേഘാവൃതമായിരിക്കും. നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് വടക്കൻ ആന്ധ്രാപ്രദേശ് തീരത്ത് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്. വടക്കൻ തമിഴ്നാട് തീരം, തെക്കൻ ആന്ധ്രാപ്രദേശ് തീരം, തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. മേൽപ്പറഞ്ഞ തീയതിയിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

## സ്വർണക്കടത്തിൽ പങ്ക്: എഡിജിപി അജിത്തിന്റെ മൊഴിക്കെതിരേ പി. വിജയൻ നിയമനടപടിക്കൊരുങ്ങുന്നു

തിരുവനന്തപുരം: കരിപ്പൂർ വിമാനത്താവളം വഴിയുള്ള സ്വർണക്കടത്തിൽ എഡിജിപി പി. വിജയനു ബന്ധമുണ്ടെന്ന് എസ്പി സുജിത്ദാസ് തന്നെ അറിയിച്ചിരുന്നതായി എഡിജിപി എം. ആർ. അജിത്കുമാർ ഡിജിപിക്കു നൽകിയ മൊഴിക്കെതിരേ കോടതിയെ സമീപിക്കാനൊരുങ്ങി എഡിജിപി പി. വിജയൻ.

തനിക്കെതിരേ കള്ളമൊഴി നൽകിയ അജിത്തിനെതിരേ അന്വേഷണം നടത്തി കേസെടുക്കണമെന്നാവശ്യപ്പെട്ടു രണ്ടു മാസം മുൻപ് വിജയൻ സംസ്ഥാന പോലീസ് മേധാവിക്കു പരാതി നൽകിയിരുന്നു. ഇത് ആഭ്യന്തര സെക്രട്ടറിക്കു കൈമാറിയെങ്കിലും സർക്കാർ നിർദേശപ്രകാരം തുടർ നടപടി സ്വീകരിച്ചില്ല. ഇക്കാര്യം സുജിത് ദാസ് നേരത്തേ നിഷേധിച്ചിരുന്നു. ഇതേത്തുടർന്നാണ് വിജയൻ കോടതിയെ സമീപിക്കുന്നത്. ഇതിനു സർക്കാരിന്റെ അനുമതി ആവശ്യമുണ്ട്. നിലവിൽ ഇൻറലിജൻസ് മേധാവിയാണ് വിജയൻ. സ്വർണക്കടത്തിൽ ബന്ധമുണ്ടെന്നു തെറ്റായ വാദമുയർത്തി, മുതിർന്ന ഉദ്യോഗസ്ഥനെ ക്രിമിനലാക്കാൻ ശ്രമിച്ചെന്നു ചൂണ്ടിക്കാട്ടിയാകും വിജയൻ കോടതിയെ സമീപിക്കുക. അജിത്കുമാറിന്റെ മൊഴിക്കു പിന്നിൽ ക്രിമിനൽ ഗൂഢാലോചനയുണ്ടെന്നാണു വിജയൻ പരാതിയിൽ ചൂണ്ടിക്കാട്ടുന്നത്. സ്വർണക്കടത്തിൽ യാതൊരു ബന്ധവുമില്ലാത്ത തന്നെ, കുറ്റവാളിയാക്കാനുള്ള ശ്രമമാണു നടന്നതെന്നും വിജയൻ ആരോപിക്കുന്നു. പി. വി. അൻവർ എംഎൽഎയുടെ പരാതിയിൽ ഡിജിപി നടത്തിയ അന്വേഷണത്തിലാണ് അജിത്കുമാർ, വിജയനെതിരേ മൊഴി നൽകിയത്.

## വിഴിഞ്ഞം രാജ്യാന്തര ശ്രദ്ധാകേന്ദ്രം: മന്ത്രി

കോവളം: വിഴിഞ്ഞം തുറമുഖം ഗ്രാമീണ മേഖലയിൽ അഭൂതപൂർവമായ മാറ്റത്തിനു വിധേയമാകുമെന്നും വിഴിഞ്ഞം രാജ്യാന്തര ശ്രദ്ധാകേന്ദ്രമായി മാറിയെന്നും മന്ത്രി ജി. ആർ. അനിൽ. വിഴിഞ്ഞം പ്രസ് ക്ലബിന്റെ വാർഷികാഘോഷം ഉദ് ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ക്രിസ്തുമസ് ആഘോഷം എം. വിൻസൻറ് എംഎൽഎ കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. കോവളം വെള്ളാറിലെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിൽ സംഘടിപ്പിച്ച വാർഷികാഘോഷ പരിപാടിയിൽ പ്രസ് ക്ലബ് പ്രസിഡൻറ് അയൂബ് ഖാൻ അധ്യക്ഷത വഹിച്ചു. വിഴിഞ്ഞം തീരസംരക്ഷണ സേന സ്റ്റേഷൻ മേധാവി കമാണ്ടർ ജി. ശ്രീകുമാർ മുഖ്യാതിഥിയായി.

അതിയന്നൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറ് എൽ. റാണി, പഞ്ചായത്ത് പ്രസിഡൻറുമാരായ ആർ. എസ്. ശ്രീകുമാർ, ഫ്രീഡാസൈമൺ, ജില്ലാ പഞ്ചായത്തംഗം ഭഗത് റൂഫസ്, കൗൺസിലർമാരായ പി. ബൈജു, സത്യവതി, മുതിർന്ന മാധ്യമ പ്രവർത്തകൻ രമേഷ് ബാബു, അദാനി ഗ്രൂപ്പ് കോർപ്പറേറ്റ് അഫയേഴ്സ് മേധാവി അനിൽ ബാലകൃഷ്ണൻ, സിപിഎം കോവളം ഏരിയാ സെക്രട്ടറി അഡ്വ. എസ്. അജിത്, കോൺഗ്രസ് കോവളം ബ്ളോക്ക് പ്രസിഡൻറ് ഉച്ചക്കട സുരേഷ്, സിപിഐ കോവളം മണ്ഡലം സെക്രട്ടറി കാഞ്ഞിരംകുളം ഗോപാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. പ്രവർത്തന മേഖലയിലെ മികവിന് പ്രസ് ക്ലബ് നൽകുന്ന അവാർഡ് സർക്കിൾ ഇൻസ്പെക്ടർ പ്രജീഷ് ശശിക്ക് മന്ത്രി ജി. ആർ. അനിൽ കൈമാറി. ക്ലബ് സെക്രട്ടറി ഷാജി മോൻ സ്വാഗതവും എസ്. രാജേന്ദ്രകുമാർ നന്ദിയും പറഞ്ഞു.

## ക്രിസ്മസ് ആഘോഷം; വിറ്റത് 152.06 കോടിരൂപയുടെ മദ്യം

തിരുവനന്തപുരം: ക്രിസ്മസ് ദിനത്തിൽ തലേന്നുമായി കേരളത്തിൽ ബീവറേജസ് കോർപറേഷൻ വിൽപ്പന നടത്തിയത് 152.06 കോടിരൂപയുടെ മദ്യം. 24ന് 97.42 കോടിരൂപയുടെ മദ്യവും 25ന് 54.64 കോടിരൂപയുടെ മദ്യവും വിറ്റു. കഴിഞ്ഞ വർഷം ഇതേ തീയതികളിലായി 122.14 കോടിയുടെ മദ്യമാണ് വിറ്റഴിച്ചത്. 24ന് ഏറ്റവും കൂടുതൽ മദ്യം വിറ്റത് ചാലക്കുടിയിലെ ബീവറേജസ് കോർപറേഷന്റെ ഷോപ്പിലാണ്. ഇവിടെ 78 ലക്ഷം രൂപയുടെ വിൽപ്പന നടത്തി. ചങ്ങനാശേരിയിൽ 66.88 ലക്ഷം രൂപയുടെയും തിരുവനന്തപുരത്തെ പഴയ ഉച്ചക്കടയിൽ 64.15ലക്ഷം രൂപയുടെയും മദ്യ വിൽപ്പന നടത്തി. ക്രിസ്മസ് ദിനമായ 25നും തലേദിവസമായ 24നുമുള്ള മദ്യവിൽപനയിൽ കഴിഞ്ഞ വർഷത്തേക്കാൾ 24.50 ശതമാനത്തിന്റെ (29.92 കോടി) വർധനവാണ് ഉണ്ടായത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് മദ്യ വിലയിലുള്ള വർധനവും കൂടുതൽ തുകയ്ക്കുള്ള മദ്യവിൽപനക്ക് കാരണമായിട്ടുണ്ട്.

## കോൺസ്റ്റാസിന്റെ തോളിലിടിച്ച സംഭവം: കോഹ്‌ലിക്ക് ഐസിസിയുടെ പിഴ ശിക്ഷ

മെൽബൺ: ഓസ്ട്രേലിയയ്ക്കെതിരായ മെൽബൺ ടെസ്റ്റിൽ ഓസ്ട്രേലിയൻ അരങ്ങേറ്റ താരം കോൺസ്റ്റാസിന്റെ തോളിൽ ഇടിച്ച സംഭവത്തിൽ ഇന്ത്യൻ സൂപ്പർതാരം വിരാട് കോഹ്‌ലിക്കെതിരേ പിഴ ചുമത്തി ഐസിസി. മാച്ച് ഫീസിന്റെ 20 ശതമാനമാണ് പിഴ അടയ്ക്കേണ്ടത്.

മെൽബണിൽ ഓസീസ് മുൻനിര ബാറ്റർമാരിൽ നാലുപേരും അർധസെഞ്ചുറി നേടിയപ്പോൾ കൂട്ടത്തിൽ 19കാരനായ കോൺസ്റ്റാസ് ആയിരുന്നു കൂടുതൽ അപകടകാരി. അരങ്ങേറ്റക്കാരന്റെ യാതൊരുവിധ പതർച്ചയുമില്ലാതെ ഏകദിന ശൈലിയിൽ ബാറ്റ് വീശിയ താരം ഇന്ത്യൻ ബൗളർമാരെ തലങ്ങും വിലങ്ങും പ്രഹരിച്ചു. ബുംറയുടെ ഒരു ഓവറിൽ 18 റൺസ് അടിച്ചുകൂട്ടിയ കോൺസ്റ്റാസ് 65 പന്തിൽ ആറു ഫോറുകളും രണ്ടു സിക്സറുമുൾപ്പെടെ 60 റൺസെടുത്തു.ഇതിനിടെയാണ് കോഹ്‌ലി പ്രകോപനപരമായി പെരുമാറിയത്. ഒരു ഓവർ പൂർത്തിയായതിനു ശേഷം ഇരുവരും നടന്നുപോകുന്നതിനിടെ കോഹ്‌ലി അനാവശ്യമായി കോൺസ്റ്റാസിന്റെ തോളിൽ ഇടിക്കുകയായിരുന്നു. തുടർന്ന് ഇരുവരും വാക്കുതർക്കത്തിലേർപ്പെട്ടതോടെ സഹ ഓപ്പണർ ഉസ്മാൻ ഖവാജ ഇടപെട്ടാണ് രംഗം ശാന്തമാക്കിയത്.

## മുനമ്പത്തേത് വഖഫ് ഭൂമിയല്ല; ജുഡീഷൽ കമ്മീഷനെ നേരിൽ കണ്ട് കോട്ടപ്പുറം ബിഷപ്

കൊച്ചി: മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ ജുഡീഷൽ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് സി. എൻ. രാമചന്ദ്രൻ നായരെ നേരിൽക്കണ്ട് കോട്ടപ്പുറം ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ. മുനമ്പത്തേതു വഖഫ് ഭൂമിയല്ലെന്നു ബിഷപ് കമ്മീഷനെ അറിയിച്ചു. ജനുവരി നാലിന് കമ്മീഷൻ മുനമ്പം സന്ദർശിക്കാനിരിക്കേയാണു ബിഷപ് കമ്മിഷനെ നേരിട്ടു കണ്ടത്. ബിഷപ്പിനൊപ്പം വികാരി ജനറൽ ഫാ. റോക്കി റോബിൻ കളത്തിലും മുനമ്പം ഭൂസംരക്ഷണ സമിതി നേതാക്കളും ഉണ്ടായിരുന്നു.

മുനമ്പം നിവാസികളുടെ ആശങ്കകളും ഭൂമിക്ക് റവന്യു അവകാശം നൽകുന്നതടക്കമുള്ള ആവശ്യങ്ങളും കാക്കനാട്ടെ ഓഫീസിലെത്തിയ സംഘം കമ്മീഷനെ ധരിപ്പിച്ചു.

ഭൂമിപ്രശ്നവുമായി ബന്ധപ്പെട്ട കക്ഷികൾക്ക് നിലപാട് അറിയിക്കാൻ കമ്മീഷൻ മൂന്നാഴ്ച അനുവദിച്ചിരുന്നു. ഇതിൽ വഖഫ് ബോർഡ് ഒഴികെയുള്ളവർ രേഖാമൂലം നിലപാട് അറിയിച്ചതായി കമ്മീഷൻ അധ്യക്ഷൻ ജസ്റ്റീസ് രാമചന്ദ്രൻ പറഞ്ഞു. ജനുവരി നാലിനു മുനമ്പം സന്ദർശിക്കുന്ന കമ്മീഷൻ പ്രദേശത്തെ താമസക്കാർക്കു പറയാനുള്ളത് കേൾക്കും.

## പണയംവച്ച സ്വർണം ലേലത്തിൽ വിറ്റു: സ്വകാര്യ പണമിടപാട് സ്ഥാപനത്തിലേക്ക് കോൺഗ്രസ് പ്രതിഷേധം

പേരൂർക്കട: സ്വകാര്യ പണമിടപാട് സ്ഥാപനത്തിന്റെ വെള്ളായമ്പലം ഓഫീസിനു മുന്നിൽ കോൺഗ്രസ് പ്രതിഷേധ ധർണ നടത്തി. ശാസ്തമംഗലം മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിലായിരുന്നു ധർണ. ശാസ്തമംഗലം സ്വദേശിനിയായ യുവതി 47 പവൻ സ്വർണം പണയപ്പെടുത്തി സ്ഥാപനത്തിൽ നിന്നു കഴിഞ്ഞ മെയ്മാസത്തിൽ വായ്പയെടുത്തിരുന്നു. ഓഗസ്റ്റിൽ മുഴുവൻ തുകയും അടച്ചുതീർത്തു. സെപ്തംബറിൽ സ്വർണം തിരികെയെടുക്കാൻ ചെന്നപ്പോൾ ലേലത്തിൽ പോയെന്നും പുതിയ സ്വർണം വാങ്ങിനൽകാമെന്നുമാണ് അധികൃതർ പറഞ്ഞത്. ലഭിക്കാതായപ്പോൾ യുവതി മ്യൂസിയം സ്റ്റേഷനിൽ പരാതി നൽകിയതിനെ തുടർന്ന് കേസെടുത്തു. എന്നാൽ തുടർനടപടികൾ ഉണ്ടായില്ലെന്ന് ധർണയിൽ പ്രസംഗിച്ച ശാസ്തമംഗലം മോഹനൻ പറഞ്ഞു. മണ്ഡലം പ്രസിഡൻറ് ശാസ്തമംഗലം അരുൺ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വെള്ളൈക്കടവ് വേണുകുമാർ, എ. ജി നൂറുദ്ദീൻ, വേണുഗോപാലൻ നായർ, മരുതംകുഴി ഹരി, മുരളി, രാധാകൃഷ്ണൻ, താര, സതി, മഞ്ജു തുടങ്ങിയവർ പങ്കെടുത്തു.

## പറക്കോട് കുളത്തിലെ മുങ്ങിമരണം: അന്വേഷണം തൃപ്തികരമല്ലെങ്കിൽ ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നു മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: വെള്ളായണി ജംഗ്ഷൻ പറക്കോട് കുളത്തിൽ രണ്ടു കുട്ടികൾ മുങ്ങി മരിച്ച സംഭവത്തിൽ നേമം പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം തൃപ്തികരമല്ലെങ്കിൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈഎസ്പിക്കു കൈമാറണമെന്നു മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. നേമം പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ സിഡി ഫയൽ ജില്ലാ പോലീസ് മേധാവി വിളിച്ചു വരുത്തിയ ശേഷം അന്വേഷണം കൈമാറാനാണ് ഉത്തരവ്. ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഉദാസീനത, അപകടസാധ്യതയെക്കുറിച്ച് മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കാത്തത്, കുളത്തിനുള്ളിലെ തുറന്ന ചെറുകുളം തുടങ്ങിയ കാര്യങ്ങളാണ് അപകടത്തിലേക്കു നയിച്ചതെന്ന പരാതിക്കാരന്റെ ആരോപണം സംബന്ധിച്ചു ബന്ധപ്പെട്ട കക്ഷികൾക്ക് മുൻകൂട്ടി നോട്ടീസ് നൽകിയശേഷം വസ്തുനിഷ്ഠവും സത്യസന്ധമായും അന്വേഷണം നടത്തി ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈഎസ്പി തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.കുട്ടികളുടെ മരണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥയുണ്ടോ എന്നും പരിശോധിക്കണം.

മുങ്ങി മരിച്ച കുട്ടികളുടെ പൂർണവിലാസവും റിപ്പോർട്ടിലുണ്ടാവണം. ക്രൈംബ്രാഞ്ച് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് മേധാവി രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു. പറക്കോട് കുളത്തിന്റെ നവീകരണം നടക്കുന്നതിനിടയിൽ കുളിക്കാനിറങ്ങിയ രണ്ടു കുട്ടികളാണ് മുങ്ങി മരിച്ചത്. കുളത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന മൂടിയില്ലാത്ത ചെറുകുളത്തിൽ കുടുങ്ങിയാണ് മരണം സംഭവിച്ചതെന്ന് പരാതിക്കാരൻ അറിയിച്ചു. മനുഷ്യാവകാശ പ്രവർത്തകനായ രാഗം റഹിം സമർപ്പിച്ച പരാതിയിലാണു നടപടി.

## യുവതി മരിച്ചതറിഞ്ഞിട്ടും അല്ലു അർജുൻ തിയറ്ററിൽ തുടർന്നു

ഹൈദരാബാദ്: പുഷ്പ –2 സിനിമയുടെ റിലീസിംഗ് ദിനത്തിൽ സ്ത്രീ മരിച്ചതറിഞ്ഞിട്ടും നടൻ അല്ലു അർജുൻ തിയറ്ററിൽ സിനിമ കാണുന്നത് തുടർന്നെന്നു പോലീസ്. അല്ലു അർജുനെ അപകടം വിവരം അറിയിച്ചിട്ടും അദ്ദേഹം തിയറ്റർ വിട്ടുപോകാൻ കൂട്ടാക്കിയില്ലെന്ന് പോലീസ് പറയുന്നു.

ഹൈദരാബാദ് സിറ്റി പോലീസ് കമ്മീഷണർ സി. വി. ആനന്ദാണ് ഇക്കാര്യം പറഞ്ഞത്. തിക്കുംതിരക്കും ഉണ്ടാകാനിടയായ സാഹചര്യം വിശദീകരിക്കുന്ന പോലീസ് ചിത്രീകരിച്ച വീഡിയോയും അദ്ദേഹം പുറത്തുവിട്ടു. വാർത്താ ചാനലുകളിൽനിന്നു ശേഖരിച്ചതും സംഭവസ്ഥലത്തുണ്ടായിരുന്നവർ ഫോണിൽ ചിത്രീകരിച്ചതുമായ ദൃശ്യങ്ങൾ ചേർത്താണ് പോലീസ് വീഡിയോ തയാറാക്കിയത്. അർധരാത്രിവരെ നടൻ തിയറ്ററിലുണ്ടായിരുന്നതായി ദൃശ്യങ്ങളിൽ സൂചനയുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് അഭിപ്രായംപറയാൻ കമ്മീഷണർ തയാറായില്ല. മാധ്യമങ്ങൾക്ക് അവരവരുടെ നിഗമനങ്ങളിൽ എത്താമെന്ന് അദ്ദേഹം പറഞ്ഞു.

“തിയറ്ററിനു പുറത്തുനടന്ന ദാരുണസംഭവത്തെക്കുറിച്ച് നടനെ അറിയിക്കാൻ അല്ലു അർജുന്റെ മാനേജരോട് ആവശ്യപ്പെട്ടെങ്കിലും അറിയിച്ചില്ലെന്ന് ഒരു പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു. പിന്നീട് നടന്റെ അടുത്തെത്തിയ താൻ യുവതി മരിച്ച വിവരം പറയുകയും തിയറ്റർ വിട്ടുപോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തിയറ്ററിൽനിന്നു പുറത്തുപോകുന്നതിനു സുരക്ഷ ഏർപ്പാടുത്തുമെന്നും താരത്തെ അറിയിച്ചു. എന്നാൽ, സിനിമ കണ്ടതിനു ശേഷം മാത്രമേ താൻ പുറത്തുപോകുകയുള്ളൂവെന്ന് അല്ലു അർജുൻ പറഞ്ഞു. ഇതിനുശേഷം മുതിർന്ന ഉദ്യോഗസ്ഥനുമായി എത്തിയാണ് അല്ലു അർജുനെ തിയറ്ററിനു വെളിയിൽ എത്തിച്ചതെന്നും പോലീസ് ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി. മടങ്ങുമ്പോൾ ആളുകളെ കാണരുതെന്ന നിർദേശവും പാലിച്ചില്ല. ദുരന്തശേഷവും നടൻ ആളുകളെ അഭിവാദ്യം ചെയ്തതായും പോലീസ് പറയുന്നു.

അല്ലു അർജുന്റെ ബൗൺസർമാർ (സുരക്ഷാ ഉദ്യോഗസ്ഥർ) ജനക്കൂട്ടത്തെയും പോലീസുകാരെയും പിടിച്ചു തള്ളി. ബൗൺസർമാർ ഡ്യൂട്ടിയിലുള്ള പോലീസിനോടു മോശമായി പെരുമാറിയാൽ കർശന നടപടി സ്വീകരിക്കുമെന്നു പോലീസ് കമ്മീഷണർ മുന്നറിയിപ്പു നൽകി. ബൗൺസർമാരുടെ പെരുമാറ്റത്തിന് അവരെ നിയമിക്കുന്ന വിഐപികൾ ഉത്തരവാദികളായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിനിടെ, അല്ലു അർജുന് സുരക്ഷ ശക്തമാക്കി. നടന്റെ വീടിനു നേർക്കുണ്ടായ ആക്രമണത്തിനു ശേഷമാണ് പോലീസ് സുരക്ഷ ശക്തമാക്കിയത്. ആക്രമണ സംഭവത്തിൽ അറസ്റ്റിലായവർക്ക് ജില്ലാ കോടതി ജാമ്യം അനുവദിച്ചു. ആറു പേരാണ് അറസ്റ്റിലായത്. ഒസ്മാനിയ സർവകലാശാല ജോയിൻറ് ആക്ഷൻ കമ്മിറ്റി അംഗങ്ങളെന്ന് അവകാശ പ്പെട്ട ഒരുകൂട്ടം യുവാക്കൾ അല്ലു അർജുന്റെ ഹൈദരാബാദ് ജൂബിലി ഹില്ലിലെ വീട്ടിലേക്ക് ഇരച്ചുകയറി കല്ലുകളും തക്കാളിയും വലിച്ചെറിയുകയായിരുന്നു. കഴിഞ്ഞ നാലിന് പുഷ്പ 2 സിനിമയുടെ പ്രദർശനത്തിനിടെ ഹൈദരാബാദിലെ തിയറ്ററിലുണ്ടായ തിക്കിലും തിരക്കിലും രേവതി എന്ന വീട്ടമ്മ മരിച്ചിരുന്നു.

ഇവരുടെ മകനു ഗുരുതരമായി പരിക്കേറ്റു. കുട്ടി അബോധാവസ്ഥയിൽ ചികിത്സയിൽ തുടരുകയാണ്. അല്ലു അർജുനെ ഹൈദരാബാദ് പോലീസ് ഇന്നു ചോദ്യം ചെയ്തേക്കുമെന്ന് സൂചനയുണ്ട്.

## അസാദ് മോസ്കോയിൽ തടവിൽ; വിവാഹമോചനം തേടി അസ്മ: റിപ്പോർട്ട്

അങ്കാറ: സിറിയയിൽനിന്നു പലായനം ചെയ്ത് റഷ്യയിൽ അഭയം തേടിയ പ്രസിഡൻറ് ബഷാർ അൽ അസാദിൽനിന്നു ഭാര്യ അസ്മ വിവാഹമോചനം ആവശ്യപ്പെട്ടതായി തുർക്കി, അറബ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

അസാദിനും കുട്ടികൾക്കുമൊപ്പം റഷ്യയിലെത്തിയ അസ്മ റഷ്യൻ കോടതിയിലാണു ഹർജി നല്കിയിരിക്കുന്നത്. ബ്രിട്ടീഷ് പൗരത്വമുള്ള അസ്മ ബ്രിട്ടനിലേക്കു പോകാനുള്ള ശ്രമത്തിലാണത്രേ. ഇതൊടൊപ്പം അസാദ് റഷ്യയിൽ കടുത്ത നിയന്ത്രണങ്ങൾ നേരിടുന്നതായും റിപ്പോർട്ടിൽ പറയുന്നു. തടങ്കലിനു തുല്യമായ സാഹചര്യത്തിൽ മോസ്കോ വിടാനോ രാഷ്ട്രീയ പരിപാടികളിൽ പങ്കെടുക്കാനോ അദ്ദേഹത്തിന് അനുവാദമില്ല. അസാദിന്റെ 270 കിലോഗ്രാം സ്വർണവും 200 കോടി ഡോളറും മോസ്കോയിലെ 18 വസതികളും അടക്കമുള്ള സ്വത്തുക്കൾ റഷ്യ മരവിപ്പിക്കുകയും ചെയ്തു. വിവാഹമോചന ഹർജിയും അസാദ് തടവിലാണെന്നതും സംബന്ധിച്ച റിപ്പോർട്ടുകൾ ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് ഇന്നലെ നിഷേധിച്ചു. ഈ മാസം ആദ്യം എച്ച്ടിഎസ് വിമതർ സിറിയൻ ഭരണം പിടിച്ചെടുത്തപ്പോൾ അസാദിനെയും കുടുംബത്തെയും റഷ്യൻ സേന രക്ഷപ്പെടുത്തുകയായിരുന്നു. അസാദിന്റെ ഭാര്യ അസ്മ ബ്രിട്ടനിൽ ജനിച്ചുവളർന്ന സിറിയൻവംശജയാണ്. അതേസമയം, അസാദിന്റെ ക്രൂരതകൾക്ക് കൂട്ടുനിന്ന അസ്മയെ സ്വീകരിക്കാൻ ബ്രിട്ടനു താത്പര്യമില്ലെന്നും റിപ്പോർട്ടുണ്ട്.

## ഇ ചെല്ലാൻ മെഗാ അദാലത്ത് 27,28 തീയതികളിൽ

കൊല്ലം: കേരള പോലീസും മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പും ഇ-ചെല്ലാൻ മുഖേന നൽകിയിട്ടുള്ള ട്രാഫിക് ഫൈനുകളിൽ 2021 വർഷം മുതൽ യഥാസമയം പിഴ അടക്കാൻ സാധിക്കാത്തതും നിലവിൽ കോടതിയിൽ ഉള്ളതുമായ ചെല്ലാനുകളിൽ പ്രോസിക്യൂഷൻ നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളവ ഒഴികെയുള്ള എല്ലാ ചെല്ലാനുകളും പിഴയൊടുക്കി തുടർ നടപടികളിൽ നിന്നും ഒഴിവാകാൻ കൊല്ലം സിറ്റി ജില്ലാ പോലീസും മോട്ടോർ വാഹന വകുപ്പും (എൻഫോഴ്സ്മെൻറ് വിഭാഗം) ചേർന്ന് മെഗാ അദാലത്ത് സംഘടിപ്പിക്കുന്നു.

27,28 തീയതികളിൽ സംഘടിപ്പിച്ചിരിക്കുന്ന അദാലത്തിൽ രാവിലെ 10 മുതൽ വൈകുന്നേരം നാലുവരെ കൊല്ലം സിറ്റി ജില്ലാ പോലീസ് കാര്യാലയത്തിൽ സജ്ജീകരിച്ചിരിക്കുന്ന കൗണ്ടറുകളിൽ പൊതുജനങ്ങൾക്ക് നേരിട്ട് എത്തി ഓൺലൈനായി പിഴ ഒടുക്കാവുന്നതാണ്.

ഈചെല്ലാൻ പിഴ ഒടുക്കാത്തവർക്കെതിരെ നിയമ നടപടികൾ പോലീസും മോട്ടോർ വാഹന വകുപ്പും ശക്തമാക്കിയിരിക്കുന്ന സാഹജര്യത്തിൽ ഈ അദാലത്ത് പരമാധി ഉപയോഗപ്പെടുത്തി നിയമ നടപടികളിൽ നിന്ന് ഒഴിവാകവുന്നതാണ്. അദാലത്തുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് 9495366052 (പോലീസ്), 0474-2993335 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

## ക്രിസ്തുമസ് ദിനത്തിൽ ദുരന്ത മുഖത്ത് സേവനമനുഷ്ഠിച്ചവർക്കൊപ്പം

### *മേപ്പാടിയിൽ അപ്രതീക്ഷിത സന്ദർശനം നടത്തി മന്ത്രി വീണാ ജോർജ്

ക്രിസ്തുമസ് ദിനത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വയനാട് മേപ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകരോടൊപ്പം. മന്ത്രിയുടെ അപ്രതീക്ഷിതമായുള്ള സന്ദർശനത്തിന്റെ അമ്പരപ്പിലായിരുന്നു ആരോഗ്യ പ്രവർത്തകർ. വയനാട്ടിലെത്തി മേപ്പാടിയിലേക്കുള്ള യാത്രാമധ്യേയാണ് മന്ത്രി വീണാ ജോർജ് എംഎൽഎ ടി. സിദ്ദിഖിനേയും ഡി.എം.ഒ. ദിനീഷിനേയും ഡി.പി.എം. ഡോ. സമീഹയേയുമൊക്കെ വിളിച്ചത്. മുൻ പഞ്ചായത്ത് പ്രസിഡന്റ് സഹദും എത്തിച്ചേർന്നു.നൂറിലധികം മൃതദേഹങ്ങൾ തിരിച്ചറിഞ്ഞ ആശപ്രവർത്തകയും കേരള ശ്രീ പുരസ്കാര ജേതാവുമായ ഷൈജാ ബേബി, ആശ പ്രവർത്തക സുബൈദ, സ്റ്റാഫ് നഴ്സ് സഫാന, കോഴിക്കോട് മെഡിക്കൽ കോളേജിൽ ആഴ്ചകളോളം വെന്റിലേറ്ററിൽ കിടന്ന് വളരെ ഗുരുതരാവസ്ഥയിൽ നിന്നും ജീവിതത്തിലേക്ക് രക്ഷപ്പെട്ടു വന്ന അവ്യുക്ത്, അമ്മ രമ്യ എന്നിവരെ വീട്ടിലെത്തി കണ്ടു. സുബൈർ, ഹോസ്പിറ്റൽ അറ്റന്റർ ഫൈസൽ തുടങ്ങിയവരെ ആരോഗ്യ കേന്ദ്രത്തിൽ വച്ച് കണ്ടു. ദുരന്ത മുഖത്തും മനസാന്നിധ്യത്തോടെ സേവനമനുഷ്ഠിച്ച എല്ലാവരേയും മന്ത്രി അഭിനന്ദിച്ചു.എല്ലാം നഷ്ടപ്പെട്ട് ഉയർന്ന സ്ഥലത്തേയ്ക്ക് പോയപ്പോൾ ചെളിയിൽ താഴ്ന്നു പോയിരുന്ന ഏഴു വയസുകാരിയെ ചെറിയ ചലനം കണ്ട് കുട്ടിയാണെന്ന് മനസിലാക്കി പ്രാഥമിക ശുശ്രൂഷ നൽകി രക്ഷിച്ച ആശ പ്രവർത്തകയാണ് സുബൈദ. അടുത്ത ബന്ധുക്കളെ ദുരന്തത്തിൽ നഷ്ടപ്പെട്ടെങ്കിലും രാപ്പകലില്ലാതെ പ്രവർത്തിച്ചയാളാണ് ഫൈസൽ. 9 ബന്ധുക്കൾ മരണമടഞ്ഞിട്ടും മറ്റുള്ളവർക്കായി സേവനമനുഷ്ഠിച്ച സ്റ്റാഫ് നഴ്സാണ് സഫാന. രണ്ട് കുട്ടികളേയും നഷ്ടപ്പെട്ട സുബൈറിന്റെ ഭാര്യ ഗുരുതാവസ്ഥയിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ച് വന്നുകൊണ്ടിരിക്കുകയാണ്. ക്രിസ്തുമസ് ദിനത്തിലെ മന്ത്രിയുടെ സന്ദർശനം അവർക്കേറെ സന്തോഷവും ആശ്വാസവുമായി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




# കർക്കിടകവും കഥാകാരനും

കോരിച്ചൊരിയുന്ന മഴയും പെയ്തിറങ്ങുന്ന പട്ടിണിയുമുള്ള കർക്കിടകത്തിലായിരുന്നു എം. ടിയുടെ ജനനം. ഉത്രട്ടാതി നക്ഷത്രം.

കർക്കിടകത്തിൽ പിറന്നവനു പിറന്നാളാഘോഷമില്ല. എന്നാൽ പിറന്നാൾ ആഘോഷിക്കണമെന്ന് ഈ ബാലനു വല്ലാത്ത മോഹം. അങ്ങനെ താൻ ആഘോഷിച്ച ഒരു പിറന്നാളിന്റെ കഥ എം. ടി പറഞ്ഞപ്പോൾ. . . (1996 ജനുവരി 20ന് ദീപികയോട് പങ്കുവച്ച അനുഭവകുറിപ്പിൽനിന്ന്. . . )

ഒരു കർക്കിടകം കൂടി കടന്നുപോകുന്നു.

'കർക്കിടക'മെന്ന പേരിൽ ഞാൻ മുമ്പ് ഒരു കഥ എഴുതിയിട്ടുണ്ട്. വീട്ടിൽവച്ച ചോറുതന്നെ കഷ്ടിയായിരിക്കെ, അച്ഛന്റെ നാടായ വന്നേരിയിൽ നിന്ന് വിരുന്നുവന്ന ഒരാളെ അമ്മ വിസ്തരിച്ച് സൽക്കരിക്കുന്നതും അവസാനം താനടക്കമുള്ളവർ കഞ്ഞി വെള്ളം കുടിച്ച് കിടക്കേണ്ടിവന്നതുമാണ് കഥ. കൊല്ലത്തോടു കൊല്ലം ഉണ്ണാൻ വേണ്ട നെല്ലില്ലാക്കുടുംബങ്ങൾക്ക് കർക്കിടകം എന്നും ഒരു ദുഃഖസ്വപ്നമാണ്. വിരിപ്പ് നെല്ല് വിളയുന്നത് നോക്കി നടക്കാറുള്ള കുട്ടികൾക്കുകൂടി കൊയ്ത്ത് എന്നായിരിക്കുമെന്ന് സുമാർ അറിയാം. അവരും മനസിൽ കണക്കു കൂട്ടി കാത്തിരിക്കും.

കർക്കിടകത്തിൽ ഒരു വിരുന്നുകാരന്റെ കുട വയൽവരമ്പത്തുകണ്ടാൽ വീട്ടിലുള്ളവരുടെ വയറ്റിൽ തീയാളുന്നു. "കർക്കിടക'ത്തിലെ ശങ്കുണ്ണിയേട്ടനെ കാണുമ്പോൾ ഇപ്പോഴും എനിക്ക് ജാള്യത തോന്നും. പേരുമാറ്റി എഴുതാമായിരുന്നു. എഴുതുമ്പോൾ അങ്ങിനെ വന്നുപോയി. എന്റെ മരുമക്കൾ ഗീതയും കൃഷ്ണനും ഒരിക്കൽ കഥ വിസ്തരിച്ച് ശങ്കുണ്ണിയേട്ടന് വായിച്ചു കൊടുത്തു എന്നു കേട്ടപ്പോൾ മുതൽക്കാണ് ജാള്യത. കർക്കിടകത്തിൽ പിറന്നുപോയവന് പിറന്നാളാഘോഷങ്ങളില്ല. അതിനുള്ള നെല്ലോ അരിയോ കാണില്ല. ആഘോഷമെന്നാൽ ചോറും പായസവും ഉണ്ടാവലാണ്. 'ഒരു പിറന്നാളിന്റെ ഓർമ്മ'യിലെ കുഞ്ഞിക്കൃഷ്ണൻ എന്ന കുട്ടി ഞാനല്ല. അതിന്റെ കാലം പിന്നെയും പിറകിലാണ്. പ്രതാപിയായ ഒരു വലിയമ്മാവന്റെ കർക്കശമായ വാഴ്ചക്കാലത്തെപ്പറ്റി അമ്മയും മറ്റും പറഞ്ഞു കേട്ടിരുന്നു. പക്ഷേ, പിറന്നാളാഘോഷമില്ലാത്തതിൽ കുഞ്ഞിക്ക്യഷ്ണനു തോന്നിയ സങ്കടം എൻറേതുതന്നെയായിരുന്നു.

കുഞ്ഞിക്ക്യഷ്ണനെപ്പോലെ ധൈര്യമവലംബിച്ച് ഒരു പിറന്നാൾ സദ്യ എനിക്കും വേണമെന്ന് അമ്മയോട് പറഞ്ഞു. അടക്കിഭരിക്കുന്ന ഒരമ്മാവന്റെ വാഴ്ചയൊന്നുമില്ല. കുടുംബം ഭരിക്കുന്നത് അമ്മ തന്നെ. പക്ഷേ വീട്ടിൽ നെല്ലില്ല, കാശില്ല. അമ്മ എങ്ങിനെയോ മൂന്നുറുപ്പികയുണ്ടാക്കി. ഇല്ലത്തുനിന്നാണോ വെട്ടത്ത് അച്യുതൻനായരുടെ വീട്ടിൽ നിന്നാണോ എന്നോർമയില്ല. ഒരു പറ നെല്ല് വന്നപ്പോൾ ഉച്ചയായിരിക്കുന്നു മഴ. വറുത്തു കുത്തുക എന്ന ഒരു സമ്പ്രദായമുണ്ട് നാട്ടിൻപുറത്ത്. പുഴുങ്ങിയുണക്കി കുത്തി അരിയാക്കാൻ സമയമില്ലാത്തപ്പോൾ അറ്റ കൈയ്ക്ക് മാത്രം ചെയ്യുന്നതാണത്.

അശ്രീകരമാണെന്ന് കൃഷിക്കാർ പറയും. നിവൃത്തിയില്ലാത്തതുകൊണ്ട് അമ്മ അത് ചെയ്തു. ചോറായപ്പോൾ ഏകദേശം നാലുമണി. വിശപ്പു കെട്ടു പോയിരുന്നു. വിശപ്പു കെട്ടശേഷം ചോറ് മുന്നിൽവന്ന പോലെ, ആഗ്രഹിച്ച പലതും വൈകി, താല്പര്യം തീരെ നശിച്ചശേഷം മുന്നിൽ പ്രത്യക്ഷപ്പെട്ടു. ജീവിതത്തിലിങ്ങോളം. അന്തർദശയുടെ സ്വാധീനം നീണ്ടുപോയിക്കൊണ്ട് ഇരുന്നു.



'കർക്കിടക'വും 'പിറന്നാളിന്റെ ഓർമ'യും 'കാല'ത്തിലെ സേതുവിന്റെ കൗമാരവും ഒക്കെ ഓർമിച്ചുകൊണ്ടായിരിക്കണം ഒരിക്കൽ എന്റെ ചെറിയമ്മയോട് കുട്ടിക്കാലത്തെ എന്റെ കഷ്ടപ്പാടുകളെപ്പറ്റി കോവിലൻ ചോദിച്ചുവത്രെ. അപ്രതീക്ഷിതമായി കോവിലൻ കൂടല്ലൂരിൽ വന്നു, കുന്നിൻ പുറത്തെ വീട്ടിൽ ചെറിയമ്മയേയും മറ്റും കണ്ടു എന്ന് ചെറിയമ്മയുടെ മകൻ രവി എഴുതി. കോവിലൻ ആരാണ് എന്നൊന്നും ചെറിയമ്മയ്ക്കറിയില്ല. എന്റെ കൃതികളെപ്പറ്റി ചില ഗവേഷണ പ്രബന്ധങ്ങൾ തയാറാക്കിയവരും ചെറിയമ്മയെ കണ്ടിട്ടുണ്ട്.

പിന്നീടൊരിക്കൽ നാട്ടിൽ ചെന്നപ്പോൾ ചെറിയമ്മയോട് ചോദിച്ചു: 'ഇവിടെ കോവിലൻ വന്നിരുന്നു എന്ന് കേട്ടല്ലോ ചെറിയമ്മേ' 'ആരൊക്കെയോ വന്നിരുന്നു'.

"എന്നിട്ട് എന്തൊക്കെ ചോദിച്ചു "നീയ് കുട്ടിക്കാലത്ത് കഷ്ടപ്പെട്ടിട്ടുണ്ടോ, നമ്മള് ബുദ്ധിമുട്ടിയിട്ടുണ്ടോ എന്നൊക്കെ ചോദിച്ചു. '.

'ചെറിയമ്മ എന്തു പറഞ്ഞു '

'അസലായി! ഞാൻ പറഞ്ഞു, എന്തു കഷ്ടപ്പാട്! ഒരു കഷ്ടപ്പാടും ഉണ്ടായിട്ടില്ല'

ചെറിയമ്മ അങ്ങിനെ പറഞ്ഞില്ലെങ്കിലേ ഞാനത്ഭുതപ്പെടൂ. പുമാൻ തോടു മുതൽ കൈതക്കാടുവരെ നിലമുണ്ടായിരുന്ന ഏതോ ഒരു വിദൂരഭൂതകാലം ചെറിയമ്മയുടെ മനസ്സിൽ ഇന്നും ഉണ്ട്. അമ്മയുടെ മനസിലും ഉണ്ടായിരുന്നു. അതുകൊണ്ടാണല്ലോ, വിരുന്നുകാരൻ എത്തിയപ്പോൾ അകത്തുനിന്ന് മീനാക്ഷിയേടത്തി പിറുപിറുക്കുന്നതു കേട്ടപ്പോൾ അമ്മ പറഞ്ഞത്: "മിണ്ടല്ലെടി ഒരുമ്പെട്ടോളേ അവനോന്റെ ഇല്ലായ്മ അവനോൻ അറിഞ്ഞാൽ മതി', ഗ്രാമത്തിലെ കർക്കിടകം അന്ന് എന്റെ അമ്മയെപ്പോലെതന്നെയായിരുന്നു. മൂടിക്കെട്ടി നിൽക്കും, കോരിച്ചൊരിയും, പൊടുന്നനെ ദുഃഖം മറന്ന ചിരിപോലെ വെയിൽ പരക്കുകയും ചെയ്യും. അന്നത്തെ കർക്കിടകത്തിന് ചാക്കരി തിളയ്ക്കുന്ന ഗന്ധമായിരുന്നു. നനവുണങ്ങാത്ത ജഗന്നഥൻ തുണിയുടെ നിറവും.

# തൊട്ടതെല്ലാം പൊന്നാക്കിയ എം. ടി

മലയാളത്തെ വിസ്മയിപ്പിച്ച മഹാനായ എഴുത്തുകാരൻ എം. ടി. വാസുദേവൻ നായർ ഇനി ഓർമകളുടെ നാലുകെട്ടിൽ മയങ്ങും. 1958ലാണ് എംടിയുടെ നാലുകെട്ട് എന്ന നോവൽ പ്രസിദ്ധീകരിച്ചത്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച ആദ്യ നോവലിന് തന്നെ കേരള സാഹിത്യ പുരസ്കാരം ലഭിച്ചു.

1973ൽ ആദ്യമായി സംവിധാനം ചെയ്ത നിർമാല്യം എന്ന ചിത്രത്തിന് രാഷ്ട്രപതിയുടെ സ്വർണപ്പതക്കം നേടിയെന്നതും തൊട്ടതെല്ലാം പൊന്നാക്കുക എന്ന പ്രയോഗത്തിന് അദ്ദേഹം അർഹനാണെന്ന് തെളിയിക്കുന്നതാണ്.

സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ സാഹിത്യരചന തുടങ്ങിയ അദ്ദേഹം 1953ൽ മാതൃഭൂമിയുടെ ചെറുകഥാമത്സരത്തിൽ ഒന്നാം സ്ഥാനം നേടി. 1954ൽ 'വളർത്തുമൃഗങ്ങൾ' എന്ന ചെറുകഥ ആഴ്ചപ്പതിപ്പിൽ അച്ചടിച്ചുവന്നതോടെ എംടി എന്ന കഥാകൃത്തിനെ മലയാള വായനസമൂഹത്തിന് പരിചിതമായി. പിന്നീട് 'കുട്ട്യേടത്തി', 'ഓപ്പോൾ' തുടങ്ങിയ ചെറുകഥകൾ സ്വന്തമായ ഒരു ഭാഷയും ശൈലിയുമുള്ള കഥാകൃത്ത് എന്ന മേൽവിലാസം എംടിക്ക് നേടിക്കൊടുത്തു.

നാലുകെട്ട് എന്ന നോവലാണ് എംടിക്ക് മലയാള സാഹിത്യത്തിന്റെ മുൻനിരയിൽ സ്ഥാനംനേടിക്കൊടുത്തതെന്ന് പറയാം. പിന്നീട് ഭീമനെ കേന്ദ്രകഥാപാത്രമാക്കിയുള്ള രണ്ടാമൂഴം എന്നും വായിക്കപ്പെടേണ്ട മലയാളകൃതികളുടെ പട്ടികയിൽ ഇടംപിടിച്ചു.

1977 ൽ ഒരു നവംബർ മാസത്തിൽ മരണം തന്റെ സമീപത്തെത്തി പിൻമാറിയെന്നും അതിനു ശേഷം എഴുതി പൂർത്തിയാക്കിയ നോവലാണ് രണ്ടാമൂഴമെന്നുമാണ് ഇതിഹാസ കൃതി എഴുതിയതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത്.

അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽ വെളിച്ചവും, വാരാണാസി തുടങ്ങിയവയും അദ്ദേഹത്തിന്റെ പ്രശസ്ത നോവലുകളാണ്.



## നാടിനെ സ്നേഹിച്ച എം. ടി

ആനക്കര കൂടല്ലൂർകടവിൽനിന്നു മലയാളസാഹിത്യ ലോകത്തു വളർന്ന് ചരിത്രമെഴുതിയ എം. ടി. വാസുദേവൻ നായരുടെ എഴുത്തുകളിൽ എന്നും നാടും നാട്ടിൻ പുറങ്ങളും നിറഞ്ഞുനിന്നിരുന്നു. ചെറുകഥകളായും നോവലുകളായും തിരക്കഥകളായും മലയാളിയുടെ മനസിൽ ഇടംനേടിയ കഥാകാരൻ കഥാപാത്രങ്ങളെ കണ്ടെത്തിയതും തന്റെ ചുറ്റുവട്ടത്തുനിന്നുതന്നെ. വീട്ടുമൊഴികളും നാട്ടുവഴികളും നിറഞ്ഞ എംടിയുടെ കഥാപ്രപഞ്ചത്തിൽ കൂടല്ലൂരായിരുന്നു പ്രധാന കേന്ദ്രം.

കിഴക്കുംമുറിയെന്നും തെക്കുംമുറിയെന്നും വടക്കുംമുറിയെന്നും പടിഞ്ഞാറ്റുംമുറിയെന്നും നാലടരുകളുള്ള കൂടല്ലൂർ. തൂതപ്പുഴയും കുന്തിപ്പുഴയും ഒത്തുകൂടുന്നിടം. ഇവിടെ ജനിച്ചതു മനുഷ്യമനസുകളുടെ സമാനതകളില്ലാത്ത ലോകത്തെ പരിചയപ്പെടുത്തുന്നവനായിരുന്നു.

നിളയുടെ ഓളങ്ങളെക്കണ്ട് കഥയെഴുതണമെന്ന ആഗ്രഹത്തെത്തുടർന്നാണു കൂടല്ലൂരിൽ നിളയോരത്ത് അശ്വതിഭവനം ഒരുക്കുന്നത്. കഥകളിലെ പ്രദേശം ഒട്ടാകെ മാറിയെങ്കിലും നാട്ടുകാരനായ വാസു കൂടല്ലൂരിന് ഒരുക്കിക്കൊടുത്തത് അനശ്വരകഥകളിലൂടെ മായാത്ത നാടൻകാഴ്ചകളാണ്. എംടിയിൽനിന്നു കൂടല്ലൂരിനെയോ കൂടല്ലൂരിൽ നിന്ന് എംടിയെയോ എടുത്തുമാറ്റാനാവില്ല. വേർപെടുത്താനാവാത്തവിധം ഒട്ടിച്ചേർന്ന അവസ്ഥ.



## എം. ടിയുടെ വീട്ടിലെത്തി അന്ത്യോപചാരം അർപ്പിച്ച് മോഹൻലാൽ

കോഴിക്കോട്: എം.ടി. വാസുദേവൻ നായരുടെ വീട്ടിലെത്തി അന്ത്യോപചാരം അർപ്പിച്ച് മോഹൻലാൽ. കോഴിക്കോട്ടെ എംടിയുടെ സിത്താര എന്ന വീട്ടിൽ പുലർച്ചെ അഞ്ചോടെയാണ് മോഹൻലാൽ എത്തിയത്. എംടിയുടെ സ്നേഹം വേണ്ടുവോളം അനുഭവിക്കാൻ ഭാഗ്യമുണ്ടായെന്ന് മോഹൻലാൽ അനുസ്മരിച്ചു. എനിക്ക് ഏറ്റവും നല്ല കഥാപാത്രങ്ങൾ തന്ന വ്യക്തിയാണ് എംടി വാസുദേവൻ നായരെന്നും മോഹൻലാൽ പറഞ്ഞു. 'ഒരുപാട് തവണ പരസ്പരം കാണുന്നില്ലെങ്കിലും തമ്മിൽ നല്ല സ്നേഹ ബന്ധമുണ്ടായിരുന്നു. ഞാൻ അഭിനയിച്ച നാടകങ്ങൾ കാണാൻ അദ്ദേഹം മുംബൈയിൽ എത്തിയിരുന്നു. തമ്മിൽ വൈകാരികമായ അടുപ്പം ഉണ്ടായിരുന്നു. ഓളവും തീരവുമാണ് അവസാന ചിത്രം. '-മോഹൻലാൽ പറഞ്ഞു. ഇന്ത്യ കണ്ട മികച്ച എഴുത്തുകാരനെയാണ് നഷ്ടമായതെന്നും മോഹൻലാൽ പറഞ്ഞു. ആരോഗ്യ വിവരങ്ങൾ ആശുപത്രിയിൽ വിളിച്ചു അന്വേഷിച്ചിരുന്നുവെന്നും മോഹൻലാൽ വിശദീകരിച്ചു.



## കേരളത്തിന്റെ സാമൂഹിക മാറ്റങ്ങളെ വിശദമായി അവതരിപ്പിച്ച എഴുത്തുകാരൻ: അനുശോചനമറിയിച്ച് സ്റ്റാലിൻ

ചെന്നൈ: എം. ടി. വാസുദേവൻ നായരുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ച് തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ. എം. ടിക്ക് ആദരമായി തമിഴിനൊപ്പം മലയാളത്തിലും കൂടിയാണ് സ്റ്റാലിൻ അനുശോചനക്കുറിപ്പ് പങ്കുവച്ചത്. ജ്ഞാനപീഠം, പത്മഭൂഷൺ, സാഹിത്യ അക്കാദമി തുടങ്ങിയ ഉന്നത പുരസ്കാരങ്ങൾ നേടിയ മലയാള സാഹിത്യകാരൻ എം. ടി. വാസുദേവൻ നായരുടെ വിയോഗവാർത്ത കേട്ടതിൽ ഖേദിക്കുന്നു. നാലുകെട്ട്, അസുരവിത്ത്, മഞ്ഞ്, കാലം തുടങ്ങിയ കൃതികളിലൂടെയും നിർമാല്യം, പെരുംതച്ചൻ, ഒരു വടക്കൻ വീരഗാഥ തുടങ്ങിയ സിനിമകളിലൂടെയും കേരളത്തിന്റെ സാമൂഹിക മാറ്റങ്ങളെ വിശദമായി അവതരിപ്പിച്ച എഴുത്തുകാരനും, ചലച്ചിത്രകാരനും ആയിരുന്നു എം. ടി.

തമിഴ്, ഇംഗ്ലീഷ് മുതലായ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട തന്റെ പുസ്തകങ്ങളിലൂടെ മലയാളത്തിനപ്പുറം വലിയൊരു വായനക്കാരെ അദ്ദേഹം സ്വന്തമാക്കി. മലയാളസിനിമയിലെ ക്ലാസിക്കുകളായി കണക്കാക്കുന്ന നിരവധി സിനിമകൾക്ക് തിരക്കഥയെഴുതിയ എം. ടി ചില ചിത്രങ്ങൾ സ്വയം സംവിധാനം ചെയ്യുകയും ദേശീയ അവാർഡ് പോലുള്ള പുരസ്കാരങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. എഴുത്തുകാരൻ, തിരക്കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ മാത്രമല്ല, മാതൃഭൂമി മാസികയുടെ എഡിറ്റർ എന്ന നിലയിലും നിരവധി യുവ എഴുത്തുകാരെ തിരിച്ചറിഞ്ഞ് വളർത്തിയെടുത്ത് മലയാള ഭാഷയ്ക്കും കേരള സമൂഹത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ തലമുറകളോളം നിലനിൽക്കും. ആധുനിക മലയാള സാഹിത്യത്തിന്റെ മുഖങ്ങളിലൊന്നായി മാറിയ എം. ടിയുടെ വിയോഗത്തിൽ കഴിയുന്ന കുടുംബത്തിനും ലോകമെമ്പാടുമുള്ള അദ്ദേഹത്തിന്റെ വായനക്കാർക്കും എന്റെ അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു.

## വർഗീയതയോട് വിട്ടുവീഴ്ച ചെയ്യാത്ത നിലപാട് എക്കാലവും എം. ടി സ്വീകരിച്ചു: എം. വി. ഗോവിന്ദൻ

കോഴിക്കോട്: എം. ടി. വാസുദേവൻ നായർക്ക് ആദരാഞ്ജലിയർപ്പിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. മലയാളത്തിന് ഇത്രയേറെ നഷ്ടം സംഭവിച്ച മരണം താരതമ്യം ചെയ്ത് പറയാൻ ഇല്ല. അദ്ദേഹത്തിന്റെ വേർപാട് ഒരു തരത്തിലും നികത്താൻ പറ്റില്ല. എം. ടി ആവേശോജ്വലമായ ഓർമയായി നിലനിൽക്കുമെന്നും എം. വി ഗോവിന്ദൻ പ്രതികരിച്ചു. കഥയേയും സാഹിത്യത്തേയും മാത്രമല്ല സിനിമയേയും കീഴടക്കിയ വ്യക്തിയാണ് എംടി. അദ്ദേഹത്തിന്റെ നിർമാല്യം എന്ന സിനിമ മാത്രം മതി എക്കാലവും ഓർമിക്കാൻ.

അനീതിക്ക് നേരെ കാർക്കിച്ചു തുപ്പാൻ കരുത്തനായ കഥാപാത്രത്തെ സൃഷ്ടിക്കാൻ എം. ടിക്ക് പകരം മറ്റാരും ഇല്ല. വർഗീയതയോട് വിട്ടുവീഴ്ച ചെയ്യാത്ത നിലപാട് എക്കാലവും അദ്ദേഹം എടുത്തെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു.വർഗീയതക്കെതിരായ പോരാട്ടത്തിൽ ഏകനായി അദ്ദേഹം മുന്നോട്ട് പോയപ്പോൾ മതനിരപേക്ഷ കേരളം മുഴുവൻ അദ്ദേഹത്തിന് ഒപ്പമായിരുന്നു. തുഞ്ചൻ പറമ്പ് അതാണ് സാക്ഷ്യം വഹിക്കുന്നത്. ഏറ്റവും കരുത്തുറ്റ സാമൂഹ്യ അവബോധത്തിന്റെ നാടായി കേരളത്തെ നിലനിർത്തുന്നതിൽ സിപിഎം വഹിക്കുന്ന പങ്കിനെപ്പറ്റി അദ്ദേഹത്തിന് നല്ല മതിപ്പായിരുന്നുവെന്നും ഗോവിന്ദൻ പറഞ്ഞു.

## ആ ഓർമകളും വിരൽത്തണുപ്പ് ബാക്കിനില്ക്കുന്ന എഴുത്തോലയും മതി ഒരായുസിലേക്ക്: മഞ്ജു വാര്യർ

തിരുവനന്തപുരം: ആധുനിക മലയാളത്തെ വിരൽ പിടിച്ചു നടത്തിയ എഴുത്തുകാരിൽ പിതാവിന്റെ സ്ഥാനം തന്നെയാണ് എം. ടിക്കെന്ന് നടി മഞ്ജു വാര്യർ. ഫേസ്ബുക്ക് പേജിൽ പങ്കുവച്ച അനുസ്മരണക്കുറിപ്പിൽ എം. ടി സമ്മാനിച്ച എഴുത്തോലയെക്കുറിച്ചും നടി വാചാലയായി. ഒറ്റത്തവണയേ അദ്ദേഹത്തിന്റെ കഥാപാത്രമാകാൻ സാധിച്ചുള്ളൂ. കാണുമ്പോഴൊക്കെ വാത്സല്യം തന്നു. ഇടയ്ക്കൊക്കെ ഒരു ചെറുപുഞ്ചിരി സമ്മാനിച്ചു. ആ ഓർമകളും വിരൽത്തണുപ്പ് ഇന്നും ബാക്കിനില്ക്കുന്ന എഴുത്തോലയും മതി ഒരായുസിലേക്കെന്നും മഞ്ജു വാര്യർ കുറിച്ചു.



***മഞ്ജു വാര്യരുടെ ഫെയ്സ്ബുക്ക് കുറിപ്പ്***

എംടി സാർ കടന്നുപോകുമ്പോൾ ഞാൻ ഒരു എഴുത്തോലയെക്കുറിച്ച് ഓർത്തുപോകുന്നു. ഒമ്പത് വർഷം മുമ്പ് തിരൂർ തുഞ്ചൻപറമ്പിൽ വിദ്യാരംഭം കലോത്സവം ഉദ്ഘാടനത്തിന് ചെന്നപ്പോൾ അദ്ദേഹം എനിക്ക് സമ്മാനിച്ചത്. അന്ന് ഞാൻ ആ വിരലുകളിലേക്കാണ് നോക്കിയത്. ഭീമനും സേതുവും വിമലയും ചന്തുവുമെല്ലാം ജനിച്ച വിരലുകൾ. അവിടെ സംസാരിച്ചപ്പോൾ ജീവിച്ചിരിക്കുന്ന എഴുത്തച്ഛനെന്നല്ലാതെയുള്ള വിശേഷണം മനസ്സിൽ വന്നില്ല. ആധുനിക മലയാളത്തെ വിരൽ പിടിച്ചു നടത്തിയ എഴുത്തുകാരിൽ പിതാവിന്റെ സ്ഥാനം തന്നെയാണ് എം. ടി സാറിന് എന്നുതന്നെ വിശ്വസിക്കുന്നു. ഒറ്റത്തവണയേ അദ്ദേഹത്തിന്റെ കഥാപാത്രമാകാൻ സാധിച്ചുള്ളൂ. പക്ഷേ എം. ടി സാർ എനിക്ക് സമ്മാനിച്ച കഥാപാത്രത്തിന് ഏറ്റവും ആർദ്രതയേറിയ വികാരത്തിന്റെ പേരായിരുന്നു-ദയ! കാണുമ്പോഴൊക്കെ വാത്സല്യം തന്നു. ഇടയ്ക്കൊക്കെ ഒരു ചെറുപുഞ്ചിരി സമ്മാനിച്ചു. ആ ഓർമകളും വിരൽത്തണുപ്പ് ഇന്നും ബാക്കിനില്ക്കുന്ന എഴുത്തോലയും മതി ഒരായുസിലേക്ക്. നന്ദി സാർ, ദയാപരതയ്ക്കും മലയാളത്തെ മഹോന്നതമാക്കിയതിനും. . .



## 'ആ ഹൃദയത്തിലൊരിടം കിട്ടിയതാണ് ഏറ്റവും വലിയ ഭാഗ്യം'; എം. ടിയുടെ വിയോഗത്തിൽ വൈകാരിക കുറിപ്പുമായി മമ്മൂട്ടി

കൊച്ചി: എം ടി വാസുദേവൻ നായരുടെ വിയോഗത്തിൽ അതി വൈകാരിക കുറിപ്പുമായി മമ്മൂട്ടി. എംടിയുടെ ഹൃദയത്തിലൊരിടം കിട്ടിയതാണ് സിനിമാ ജീവിതം കൊണ്ട് തനിക്കു ലഭിച്ച ഏറ്റവും വലിയ ഭാഗ്യമെന്ന് മമ്മൂട്ടി കുറിച്ചു. അദ്ദേഹത്തിന്റെ ആത്മാംശമുള്ള നിരവധി കഥാപാത്രങ്ങളെ ഞാനവതരിപ്പിച്ചിട്ടുണ്ടെന്നും അതൊന്നും ഓർക്കുന്നില്ലിപ്പോളെന്നും വിശദീകരിച്ച മമ്മൂട്ടി, മനസ്സ് ശൂന്യമാവുന്ന പോലെ തോന്നുന്നുവെന്നും തന്റെ ഇരു കൈകളും മലർത്തിവയ്ക്കുന്നുവെന്നും കുറിച്ചു. ചിലരെങ്കിലും പറയാറുണ്ട് എം. ടിയാണ് മമ്മൂട്ടിയെ കണ്ടെത്തിയതെന്ന് പറഞ്ഞ മമ്മൂട്ടി, എം ടിക്കൊപ്പമുള്ള അനുഭവവും പങ്കുവച്ചു. ആദ്യമായി കണ്ട ദിവസം മുതൽ ആ ബന്ധം വളർന്നെന്നും സ്നേഹിതനെപ്പോലെ, സഹോദരനെപ്പോലെ അത് പെരുകിയെന്നും മമ്മൂട്ടി കുറിച്ചു. നാലഞ്ച് മാസം മുമ്പ് എറണാകുളത്ത് ഒരു പ്രോഗ്രാമിനിടയിൽ കാലിടറിയ അദ്ദേഹത്തെ പിടിക്കാനാഞ്ഞ എന്റെ നെഞ്ചിൽ ചാഞ്ഞു നിന്നപ്പോൾ, ആ മനുഷ്യന്റെ മകനാണു താനെന്നു തനിക്ക് തോന്നിയെന്നും മമ്മൂട്ടി കുറിച്ചു.

## 'സാംസ്കാരികമണ്ഡലത്തിൽ വെളിച്ചംപകർന്നു കത്തിയ വിളക്കാണ് അണഞ്ഞത്'; എംടിയെ അനുസ്മരിച്ച് സജി ചെറിയാൻ

കോഴിക്കോട്: എം. ടി വാസുദേവൻ നായരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. മലയാളസാഹിത്യ, സാംസ്കാരിക മണ്ഡലത്തിൽ വെളിച്ചം പകർന്നു കത്തിക്കൊണ്ടിരുന്ന വിളക്കാണ് അണഞ്ഞതെന്ന് മന്ത്രി പറഞ്ഞു.

ഈ നഷ്ടം വാക്കുകൾക്ക് വിവരണാതീതമാണെന്നും എം. ടി എന്ന രണ്ടക്ഷരം മലയാളത്തിന്റെ വികാരമാണെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ ആറു പതിറ്റാണ്ടിലേറെക്കാലമായി മലയാളിയുടെ സൗന്ദര്യബോധത്തെയും ഭാവുകത്വത്തെയും ജീവിതാനുഭവങ്ങളെയും നവീകരിച്ച സാഹിത്യകാരനാണ് എംടിയെന്നും മന്ത്രി അനുസ്മരിച്ചു.

എഴുത്തുകാരൻ എന്ന നിലയിൽ മാത്രമല്ല, നമ്മുടെ സാംസ്കാരികമേഖലയുടെയാകെ ബ്രാൻഡ് അംബാസിഡർ ആയിരുന്നു അദ്ദേഹം. കേരളത്തി സാംസ്കാരിക മേഖലയിൽ ശക്തിയാർജ്ജിക്കാനുള്ള ഫാഷിസ്റ്റ് ശ്രമങ്ങൾക്കെതിരെയുള്ള ശക്തമായി നിലയുറപ്പിച്ച പോരാളി കൂടെയായിരുന്നു എംടിയെന്നും സജി ചെറിയാൻ പറഞ്ഞു.

കോഴിക്കോട്ടെ ആശുപത്രിയിൽ ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലിരിക്കെ ഇന്ന് രാത്രിയോടെയായിരുന്നു മലയാളത്തിന്റെ അതുല്യപ്രതിഭ എം. ടി. വാസുദേവൻ നായരുടെ അന്ത്യം.